# ഒരു മാനസാന്തരം.

ഗ്രന്ഥകൎത്താ:

ചോലയിൽ രാമൻ വൈദ്യർ,

കലാവിലാസം, വലപ്പാട്.

ഒന്നാം പതിപ്പ് കോപ്പി 1000.

1107.

ഗുരുവിലാസം പ്രസ്സ്, കൊക്കാലെ,

തൃശ്ശിവപേരൂർ.

വില 5 അണ.

പകൎപ്പവകാശം ഗ്രന്ഥകൎത്താവിന്ന്.

# സമൎപ്പണം.

---

യാ ദുൎവഹഭ്രൂണഭരപ്രതപ്താ
യാ പുത്രവാത്സല്യനിദശ്ഭൃതാ
തസ്യാഃ ജനന്യാശ്ചരണാരവിന്ദേ
ഭക്ത്യാ തദേതദ്ധി സമൎപ്പയാമി.

ഗ്രന്ഥകൎത്താ.

# മുഖവുര.

---

കേരളത്തിൽ ജാതിമൂലം ഉള്ള അസ്വാതന്ത്ര്യത്തെ ദൂരീകരിപ്പാൻ, ബ്രഹ്മശ്രീ നാരായണഗുരുസ്വാമികളുടെ മഹൽസന്ദേശോക്തങ്ങളായ മിശ്രഭോജനം, മിശ്രവിവാഹം മുതലായവകളെ നടപ്പിൽ വരുത്തി, സാഹോദര്യസമത്വാദികളെ വർദ്ധിപ്പിച്ച്, ദുഷ്ടസംസർഗ്ഗം, മദ്യപാനം മുതലായവകളെക്കൊണ്ടുണ്ടാവുന്ന നഷ്ടകഷ്ടങ്ങളെ, ഉദാഹരണസമേതം പാമരന്മാൎക്കനുഭവപ്പെടുത്തി നരജന്മത്തെ സഫലീകരിക്കേണ്ടത് വിശേഷജ്ഞാനമുള്ള മനുഷ്യരുടെ കൎത്തവ്യകൎമ്മപ്രധാനമാണല്ലോ.

എന്നാൽ ആ സദുദ്ദേശത്തെ മുൻനിൎത്തി അല്പജ്ഞനായ എന്നാൽ വിരചിതമായ ഈ കല്പിതകഥ, ലോകോപകാരപ്രദമായി പരിണമിക്കാതിരിക്കുമോ എന്നുള്ള സന്ദിഗ്ദ്ധാവസ്ഥയെ — നാതിസംക്ഷേപവിസ്തരവും യുക്തിയുക്തവുമായ അവതാരികകൊണ്ടും സാരഗൎഭങ്ങളും സരസകോമളങ്ങളുമായ അനുമോദനങ്ങളെക്കൊണ്ടും സദയം പരിഹരിച്ചുതന്ന സാഹിത്യകേസരികളായ മൂക്കോത്ത് കുമാരൻ അവർകൾ മഹാകവി വള്ളത്തോൾ പണ്ഡിററ് കറുപ്പൻ മുതലായ മാന്യമഹത്തുക്കളോട് ഞാൻ എന്നും ഏററവും കൃതജ്ഞതയുള്ളവനായിരിക്കുന്നു.

പുസ്തകത്തെ ഭംഗിയായി അടിച്ചുതന്ന ഗുരുവിലാസം മാനേജർ അവർകൾക്കും അകൈതവമായ നന്ദിയെ ഇവിടെ പ്രദൎശിപ്പിച്ചുകൊണ്ടു ഈ മാനസസന്താനത്തെ ഇതാ സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

വലപ്പാട്
107-വൃശ്ചികം 1-ാംനു } ഗ്രന്ഥകൎത്താവ്

# അവതാരിക.

ഒരു അവതാരിക എഴുതികിട്ടേണമെന്നുള്ള അപേക്ഷയോടുകൂടി ഈ പദ്യകൃതിയുടെ കൈയ്യക്ഷരപ്രതി ഗ്രന്ഥകർത്താവ് എനിക്ക് അയച്ചുതന്നിട്ട് ദിവസങ്ങൾ, അല്ല, മാസങ്ങൾ കുറെയായി. ഇതേവരെ അതിന്നു സാധിക്കാഞ്ഞതിൽ അത്യന്തം വ്യസനിക്കുന്നു. ഗ്രന്ഥകർത്താക്കൾക്ക് സ്വന്തം പുസ്തകം അച്ചടിച്ചു കാണ്മാനുള്ള ആഗ്രഹം, അതു വിററഴിക്കാനുള്ള ഉൽക്കണ്ഠ, അതുകൊണ്ടു ഉദ്ദേശിച്ചിരിക്കുന്ന ഗുണം വായനക്കാർക്ക് നൽകാനുള്ള പരോപകാരേച്ഛ, ഇവകൊക്കെ, ഈ പുസ്തകത്തെ സംബന്ധിച്ചു ഇത്രയധികം കാലവിളംബനം വരുത്തിയതിനെപ്പററി ഞാൻ പശ്ചാത്തപിക്കുന്നു.

ഈ പുസ്തകത്തിന്നു ഒരു അവതാരിക എന്തിനാണെന്ന് ഞാൻ ആലോചിച്ചു. ഗ്രന്ഥംതന്നെ ഒരു അവതാരികയാണ്. മദ്യപാനവും ജാതിവ്യത്യാസവും ആണു കേരളം അനുഭവിക്കുന്ന ശാപങ്ങളിൽ മുഖ്യമായവ. അവയെ ഇല്ലായ്മചെയ്യാൻ പലരും പലതും പ്രവർത്തിക്കുന്നു. അവയിൽ വളരെ ഫലപ്രദമായ ഒരു വഴിയെ അവതരിപ്പിച്ചു കാണിച്ചുകൊടുക്കുകയാണ് ഗ്രന്ഥകർത്താവു ചെയ്യുന്നതു്.

കള്ളുഷാപ്പുകൾ പിക്കററുചെയ്തുകൊണ്ടു മദ്യപാനം ഇല്ലാതാകയില്ല; വിശേഷിച്ചും ഉദ്ദേശശുദ്ധിയില്ലാത്തവ

കൊണ്ടും ഒരിക്കലും അത്ര ഫലപ്രദമാകയില്ല. രാജ്യത്തു ള്ള മദ്യവിക്രയം നിറുത്തൽചെയ്ത്, മദ്യപാനം ചെയ്യുന്ന വർ അനുഭവിക്കുന്ന ദുരിതങ്ങൾ ഇല്ലാതാക്കി, രാജ്യത്ത് ക്ഷേമം വർദ്ധിപ്പിക്കണമെന്നുള്ള ഏക സദുദ്ദേശമായിരു ന്നു, ഷാപ്പുകളുടെ മുമ്പിൽ കൊടിയും പിടിച്ചു പിക്കററു ചെയ്യുന്നവർക്കൊക്കെ, ഉണ്ടായിരുന്നതെങ്കിൽ, അവരുടെ ഉദ്യമം ഏതാണ്ടു ഫലിക്കുമായിരുന്നു; അതിൽ ഈശ്വരാ നുഗ്രഹവും ഉണ്ടാകുമായിരുന്നു. ഗവർമ്മേണ്ടിൻെറ വര വുകുറച്ചു, ഭരണയന്ത്രത്തിനു അല്പമെങ്കിലും ഒരു കറ പി ടിപ്പിക്കണമെന്നുള്ള ഗൂഢതരമായ ഉദ്ദേശ്യത്തോടുകൂടി യോ, അങ്ങിനെയുള്ള ഉദ്ദേശ്യമുള്ളവരുടെ ചൊൽപ്പടിയ നുസരിച്ചോ, ആണു പിക്കററുകാർ പ്രവൃത്തിക്കുന്നത്. അ തിൻെറ ഫലം "പിക്കററ്" എന്ന പദംതന്നെ മദ്യം എ ന്നതിന് പര്യായമായി തീൎന്നുവന്നുള്ളതാണ്.

സർക്കാർ നിയമംകൊണ്ടും മദ്യപാനം തീരെ നിറു ത്തൽചെയ്വാൻ സാധിക്കയില്ലെന്നുള്ളതിന്നു അമേരിക്കാ രാജ്യം ദൃഷ്ടാന്തമാകുന്നു. മദ്യപാനംകൊണ്ടുള്ള ദോഷങ്ങ ളെപ്പററി മദ്യപന് ശരിയായ ബോധം ഉണ്ടാകണം. അതുവഴിയായി, ഗ്രന്ഥകർത്താവ് പറയുംപ്രകാരം, അ വന്ന് "മാനസാന്തരം" ഉണ്ടാവണം. അതു പലവിധ ത്തിലും ഉണ്ടാവാം. തന്നെക്കാൾ എത്രയോ അധികം മനശ്ശക്തിയുള്ള വിശാലഹൃദയന്മാരും പരോപകാരം ജീ വിതോദ്ദേശ്യമാക്കിയിരിക്കുന്നവരും പരിശുദ്ധന്മാരുമായ വല്ലവരും, ആത്മാവു ആത്മാവോടു സംസാരിക്കുന്ന രീ

തിയിൽ, ചെയ്യുന്ന ഉപദേശം ഏതു മദ്യപനിലും ഏതു ദുഷ്കർമ്മിയിലും മാനസാന്തരമുണ്ടാകുവാൻ നിശ്ചയമായും പര്യാപ്തമാകും എന്നാണ് എൻെറ വിശ്വാസം. അതാണ്, ഈ കല്പിതകഥയിൽനിന്നു മനസ്സിലാക്കാനുള്ള ഒരു തത്വം. അങ്ങിനെയുള്ള മഹാത്മാക്കൾ ലോകത്തിൽ ഉണ്ടെങ്കിൽ അവരുടെ ഒരു വാക്കുകൊണ്ടോ ഒരു നോക്കുകൊണ്ടോ, ഏതു പാപിക്കും മാനസാന്തരമുണ്ടായി, അയാൾ അചിരേണ പുണ്യാത്മാവായി തീരുമെന്നു സർവ്വാത്മനാ വിശ്വസിക്കുന്നവനാണ് ഞാൻ. വാല്മീകിയുടെ കഥ, ഒരു കെട്ടുകഥയായിരിക്കാമെങ്കിലും ലോകത്തിൽ സംഭവിക്കാവുന്ന ഒരു തത്വത്തെ നിദ്ദേശിക്കുന്ന ഒരു കെട്ടുകഥയാണത്.

ദുഷ്കർമ്മം ചെയ്തു ശീലിച്ച് അതുതന്നെ തൊഴിലായി തീൻ കരാൾക്കും, തൻെറ കഠിനകർമ്മങ്ങൾക്കിടയിൽ തൻെറ ഉള്ളിൽ കുടികൊള്ളുന്ന ഈശ്വരൻ ചിലപ്പോൾ മനസ്സാക്ഷിയുടെ രൂപത്തിൽ മനസ്സിനെ പീഡിപ്പിക്കാതെ ഇരിക്കയില്ല. അങ്ങിനെയുള്ള ഘട്ടങ്ങളിൽ അന്യന്മാർ, വിശേഷിച്ചും മേല്പറഞ്ഞ വിധമുള്ള പരിശുദ്ധഹൃദയന്മാർ ചെയ്യുന്ന ഉപദേശത്തിന്നു അധികം ഫലമുണ്ടായിരിക്കും. മകളുടെ കഴുത്തിലെ ആഭരണം ബലാല്ക്കാരേണ പിടിച്ചെടുത്തു, ആ കുട്ടിയെ കരയിച്ച്, ഭാര്യയെ തല്ലി, വൃദ്ധനും അന്ധനുമായ പിതാവിനെ നിർദ്ദയം ഭത്സിച്ച് ദുഷ്കർമ്മത്തിന്നു ഇറങ്ങി പുറപ്പെട്ട കോന്തുവിൻെറ ഈശ്വരപ്രേരിതമായ മനസ്സാക്ഷി, ശരിയായ ഉപദേശത്തി

നു കീഴടങ്ങാൻ സന്നദ്ധമായിരുന്നു. ആ നിലയിൽ വല്ല യഥാൎത്ഥയോഗിയുടേയും രണ്ടുമൂന്നുവാക്കുകൾ കേട്ട ഉടനെ, അവന്നു മാനസാന്തരം ഉണ്ടായെന്നു പറയുന്നതിൽ, മനശ്ശാസ്ത്രത്തിന്നു് പ്രതികൂലമായി യാതൊന്നുംതന്നെ ഇല്ലെന്നാണു് എൻെറ അഭിപ്രായം.

ചുരുക്കി പറയുന്നതായാൽ ഹൃദയശുദ്ധിയുള്ളവർ ഉദ്ദേശശുദ്ധിയോടുകൂടി ചെയ്യുന്ന സദുപദേശംകൊണ്ടല്ലാതെ ലോകത്തിൽ ദുഷ്കൎമ്മം ഇല്ലാതാകയില്ല. എന്നാണു് ഈ കല്പിതകഥയിൽനിന്നു മനസ്സിലാക്കേണ്ടതു്: അങ്ങിനെയുള്ള മഹാന്മാരെ കണ്ടുകിട്ടുവാൻ കോന്തുവെപ്പോലെ എല്ലാവൎക്കും ഭാഗ്യമുണ്ടായെന്നു് വരുന്നതല്ല. മഹാന്മാരുടെ ഉപദേശങ്ങളും അവയെ അടിസ്ഥാനമാക്കിയുള്ള കഥകളും വായിച്ചുകൊണ്ടു ഇരിക്കുന്നതായാൽ അതിൻെറ ഫലം ഏതാണ്ടും അനുഭവമായെന്നു വരാവുന്നതാണു്.

"ഇതൊക്കെ വെറും വിശ്വാസമാണു്; അഥവാ അന്ധവിശ്വാസമാണു്. അനുഭവപ്പെട്ടതല്ലാതെ വിശ്വസിക്കരുതു്", എന്നു പുതിയ ചിന്തകന്മാർ പറയും. ഇക്കാലത്തെ അതിയോഗ്യന്മാരായ ചിന്തകരിൽ ഒരാളായ ആൎതർമീതെന്ന പണ്ഡിതാഗ്രേസരൻ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—"നമ്മൾ വല്ലതും വിശ്വസിക്കുവാൻ, അതു ശരിയായി അനുഭവപ്പെടുന്നതുവരെ കാത്തുനിൽക്കണമെന്നുവന്നാൽ നമ്മൾ യാതൊന്നും വിശ്വസിച്ചെന്നു വരുന്നതല്ല"— "വിശ്വാസമല്ലൊ വിളക്കു മനുഷ്യന്നു വി

ശ്വാസം ജീവസർവ്വസ്വമല്ലോ. ഒക്കെയും പോമതു പോയാൽ കെട്ടമാരും ചുക്കാൻ പോയുള്ളൊരു കപ്പൽപോലെ" എന്നല്ലേ, ആശാനും പറയുന്നതു്.

ഈ പദ്യകാവ്യത്തിന്റെ സാഹിത്യപരമായ ഗുണാഗുണങ്ങളെപ്പററി എനിക്കു യാതൊന്നും പറവാനില്ല. ഇതു ആക്കുവേണ്ടി രചിച്ചിരിക്കുന്നുവോ അവക്കു് ഇതു വായിച്ചാൽവ്യാഖ്യാനംക്കൂടാതെ മനസ്സിലാകും. പ്രസിദ്ധരായ കവികളുടെ രീതിയെ അനുകരിച്ചും ആശയത്തെ അപഹരിച്ചും കവിയശഃപ്രാത്ഥികളായവർ രചിക്കുന്നവ കഴിച്ചു്, ഏതുതരം കവികൾ ഉണ്ടാക്കുന്ന ഏതുതരം കാവ്യത്തിന്നും അവശ്യം ചില വിശേഷവിധിഗുണങ്ങൾ ഉണ്ടാകും. "കവി കാവ്യം ചമയ്ക്കുന്നു ഗുണമേൽക്കുന്നു പണ്ഡിതൻ; മരം പുഷ്പം വഹിക്കുന്നു മണമേൽക്കുന്നു മാരുതൻ." സ്വതസ്സിദ്ധമായ വാസനയനുസരിച്ചും സ്വയമേവ ജനിക്കുന്ന ആശയങ്ങളെ ബന്ധിച്ചും ഉദ്ദേശശുദ്ധിയോടുകൂടി കാവ്യങ്ങൾ രചിച്ചാൽ അതുകൊണ്ടു ഒരാളല്ലെങ്കിൽ മററൊരാൾ ഗുണപ്പെടും; ഒരിക്കലല്ലെങ്കിൽ മററൊരിക്കൽ അതു ലോകോപകാരമായിത്തീരും.

യഥാത്ഥകാവ്യം വ്യാകരണത്തേയും അലങ്കാരശാസ്ത്രത്തേയും ബഹുമാനിക്കയില്ല; ബഹുമാനിക്കേണ്ടതുമില്ല; വ്യാകരണം അലങ്കാരം മുതലായ ശാസ്ത്രങ്ങൾ സ്ഥിരതരമല്ല; അവയൊക്കെ അതാതുകാലത്തെ കവികളുടെ പ്രയോഗങ്ങൾ കണ്ടു ഭേദപ്പെടുത്തേണ്ടുന്നവയാകുന്നു. അല്ലെങ്കിൽ പ്രത്യേകകവികളുടെ പ്രത്യേകതരമായ പ്രയോ

ഗങ്ങളായി വികല്പമായി ചേർത്തുകൊള്ളേണ്ടതാണ്. ചെറിയനിലയിൽ പാട്ടുകളായൊ മററൊ പദ്യങ്ങൾ രചിക്കുന്ന യുവകവികൾപോലും ഒരുകാലത്തു സർവ്വസമ്മതരായ മഹാകവികളായിക്കൂടെന്നില്ല. അങ്ങിനെയുള്ളവരെ ആദ്യംതന്നെ, വ്യാകരണതെററുകളും അലങ്കാരപ്രയോഗവൈകല്യങ്ങളും മററും ചൂണ്ടിക്കാണിച്ചു, ഭഗ്നാശയരാക്കുന്നതു സാഹിത്യക്ഷേത്രത്തിലെ ഭക്തന്മാരെ അടിച്ചോടിച്ചു ക്ഷേത്രത്തിൻെറ പുഷ്ടിക്കും അഭിവൃദ്ധിക്കും വിഘാതം വരുത്തുകയാകുന്നു. കാവ്യങ്ങളിലെ വ്യാകരണസംബന്ധമായും മററുമുള്ള തെററുകളാണ് വിമർശകന്മാർ ചൂണ്ടിക്കാണിക്കുന്നതെങ്കിൽ, വിമർശകന്മാർ സഹൃദയന്മാരല്ലാതെ വൈയ്യാകരണന്മാർ മാത്രമായതുകൊണ്ടാകുന്നു.

ഇപ്പോൾതന്നെ വീടിനെക്കാൾ വലിയ പടിപ്പുരയെന്നു പറയത്തക്കവണ്ണം ഈ അവതാരിക വളരെ വലുതായിപ്പോയെന്നു ഭയപ്പെടുന്നു. ഈ കവി, കവിയശസ്സിനെമാത്രം കാംക്ഷിച്ചു, ലോകത്തിലെ മഹാകവികളുടെ രീതികൾ അനുകരിപ്പാൻ ശ്രമിച്ചു, തൻെറ പദ്യക്കവനങ്ങളെ അലങ്കോലപ്പെടുത്താതെ, അവരെ ബഹുമാനിച്ചു, സ്വയമായ രീതിയെ അവലംബിച്ചു, സ്വന്തം ആശയത്തെ ബന്ധിച്ചു, ഇനിയും അനേക കാവ്യങ്ങൾ രചിച്ചു കൈരളിയെ അലങ്കരിപ്പാൻ ഇടവരേണമെന്ന്, ആശംസിക്കുന്നു.

തലശ്ശേരി
14-8-1931.

മൂർക്കോത്ത് കുമാരൻ.

# ഒരനുമോദനം.

ശ്രീനാരായണഗുരുസ്വാമികളുടെ, "കള്ള് ചെത്തിയുണ്ടാക്കരുത്, വിൽക്കരുത്, കുടിക്കരുത്" എന്നീ സൂത്രപ്രായമായ സൂക്തത്തിന്റെ ഒരു സദുദാഹരണഭാഷ്യം ഇതാ, ചോലയിൽ രാമൻ വൈദ്യരവർകൾ കൈരളിക്ക് സമർപ്പിച്ചിരിക്കുന്നു. പഞ്ചമഹാപാതകങ്ങളിലൊന്നായ മദ്യപാനത്തിന്റെ അനിവാര്യമായ നരകകാരിത്വത്തെ ഓർത്തോർത്ത് അടിത്തട്ടിലോളം ഇളകിമറിഞ്ഞ വൈദ്യഹൃദയത്തിൽനിന്ന് അനർഗ്ഗളമായി വിനിർഗ്ഗളിച്ചതാകുന്നു 'ഒരു മാനസാന്തരം' എന്ന ഈ ഗാഥാപ്രബന്ധം.

ഈ അകൃത്രിമരമണീയമായ കാവ്യം പൊതുജനങ്ങളുടെ ശ്രദ്ധയെ ബലാദാകർഷിക്കുകയും തൽഫലമായി മലയാളരാജ്യം ക്രമേണ മദ്യദുർഗ്ഗന്ധത്തിൽനിന്ന് തീരെ വേർപെട്ടു പരിശുദ്ധമായിച്ചമയുകയും ചെയ്യുമാറാകട്ടെ.

വന്നേരി
12-ചിങ്ങം-1106. } വള്ളത്തോൾ.

# അനുമോദനം.

രാജശ്രീ ചോലയിൽ രാമൻ വൈദ്യരവർകൾക്ക്.

മാന്യരേ!

(കേക)

ഇമ്മന്നിൽ കണ്ടീടുന്ന ഹിംസാദ്യങ്ങളായുള്ള
കന്മഷങ്ങളെയെല്ലാം ഏകഭാജനത്തിലും,
സന്മതേ! മദ്യപാനജന്യമാം കിൽബിഷത്തെ
അമ്മട്ടുമറ്റേത്തുലാത്തട്ടിലും കയററിയാൽ
തൂങ്ങുന്നു മദ്യപാനസംഭൃതമേനസ്സവ-
മിങ്ങുള്ളോരതുള്ളുന്നു ദോഷജ്ഞതിലകങ്ങൾ
"ചെത്തുകാരന്റെവീടുമവന്റെ വസ്ത്രങ്ങളും"
തത്തരംപാലും ദുർഗ്ഗന്ധാവിലങ്ങളായ്ത്തീരും
നമ്മുടെ ഗുരുഭൂതൻ, കരുണാവരാകര-
മമ്മുനിമുഖ്യനേവമരുളിച്ചെയ്തിരിപ്പൂ
അതിനാൽ മദ്യപാന ഗർഹണവിഷയയാം
കൃതിയെസ്സുകൃതിയെന്നോതീടാം നിസ്സംശയം ***
ചിത്തത്തിൽ ഭ്രാന്തിയേകും മദ്യത്തെ വർജ്ജിക്കുവാൻ
ഉത്തമങ്ങളാമുദാഹരണങ്ങളും കാട്ടി
മിത്രമേ! നിങ്ങൾ ചെയ്യും കവനപരിശ്രമം
എത്രയുമുപകാരം സമുദായത്തിൽ ചെയ്യും.
സാമുദായികകവനങ്ങളെയാകുന്നല്ലോ
നാമുപലാളിക്കേണ്ടതിക്കാലമതിനാലെ
താവക ഗാനത്തിനും സാമുദായിക കാവ്യ-
വ്യൂഹത്തിൽ സ്ഥാനമൊന്നു കല്പിക്കാം കവിമുത്തേ!
സദാസ്തവസ്മൽഗുരുഭൂതന്റെ സന്ദേശത്തെ-
യുദാഹരിച്ചതുപാരം ശോഭായമാനമല്ലോ.

എന്ന്, നിങ്ങളുടെ അഭ്യുദയാശംസി

കവിതിലകൻ- പണ്ഡിററ്, കെ. പി. കറപ്പൻ.

# ഒരു മാനസാന്തരം.

ശ്രേഷ്ഠമാം ഗുണത്തിൻെറ നിധിയാമൊരു വീട്ടിൽ
ശിഷ്ടനാം പുമാനേകനേകസന്താനമായി
താതലാളനമൂലം സ്വാധികാരാതിരേകാൽ
സ്വാതന്ത്ര്യക്കാതലായിച്ചമഞ്ഞു “കോന്തു”വെന്നോൻ

ദുഷ്ടസംഗത്തിൽ പ്രീതി വാച്ചവൻ സതീർത്ഥ്യരൊ-
ത്തിഷ്ടസിദ്ധ്യർത്ഥം പല നിഷ്ഠുരകർമ്മംചെയ്തു
അഞ്ചിതകളേബരം തഞ്ചിടും പുമാന്മാരെ-
പ്പുഞ്ചിരിപ്പുതയാലെ വഞ്ചിക്കും മദ്യത്തിൻെറ
കോമരമായിത്തീർന്നു ഗണികാമണിമാർക്ക്-
ള്ളാമയമൊഴിച്ചിടും കാമകിങ്കരനായോൻ

ഇത്തരം കുറെക്കാലം ചെന്നപ്പോളവനുള്ള
സ്വത്തിനും നാശംവന്നു കടവും കിട്ടാതായി
കർമ്മങ്ങൾക്കനുരൂപമാകിയ ഫലം നൽകും
ചിന്മയൻ മായാമയൻ സർവ്വജ്ഞനല്ലോ ദൈവം

ഒരുനാൾ ‘കോന്തു’വീണ്ടും പാനലോലുപനായ് തൻ
പരിതസ്ഥിതിയെല്ലാം മോശമായ് കാശില്ലാതെ
ബോധമേകീടും ഗുരുസംഗത്തെ കൊതിച്ചെന്നും
വേദശാലക്കുപോകും കുട്ടിതൻ നിഷ്ഠപോലെ

ദോഹനത്തിന്നു നേരംവൈകിയ പശുക്കളത്തിൻ
മോഹഗൌരവസാമ്യം പൂണ്ടുടനുൽക്കണ്ഠയാൽ
ചെന്നുടനോമൽപുത്രിതന്നുടെ കണ്ഠംതന്നിൽ
ചേർന്നമിന്നിടും മാല പൊട്ടിപ്പാൻ തുടങ്ങവെ
ബാലയും ബാഷ്പധാരകൊണ്ടുടൻ താതപാദം
ക്ഷാളനംചെയ്തു ചൊന്നാൾ സാദരം സഗൽഗ്ഗദം
"പൊന്നിനിയിതുമാത്രമല്ലയോ കെട്ടുവാനു-
ള്ളെന്നച്ഛാ! തന്നല്ലോ ഞാൻ മററുള്ളതെല്ലാം മുൻപേ
ശങ്കരൻകുട്ടിക്കുള്ളതൊക്കെയുമെടുത്തപോൽ
പെൺകുട്ടിയാകുമെന്നോടെന്തിനീവിധം ചെയ്‌വൂ"
എന്നുരച്ചൊന്നു പൊട്ടിക്കരഞ്ഞാളപ്പോൾ തല-
യ്ക്കൊന്നടിച്ചിതു ദുഷ്ടൻ കുട്ടിയും വിവശയായ്
ദണ്ഡത്താൽ കരഞ്ഞുള്ള ബാലയെ ക്രോധത്താലേ
കണ്ണുരുട്ടിടും പൂച്ച തത്തയെപ്പോലെയാക്കി
കുട്ടിതൻ ദീനാക്രന്ദരൂപമാകിയ കമ്പി
പെട്ടന്നാ മഹാനസത്തിങ്കലേയ്ക്കടിക്കയാൽ
സംഭ്രാന്തചിത്തത്തോടും മാതാവും കയ്യിലുള്ള
ചെമ്പുപാത്രവും ദൂരെയിട്ടുടൻ ചാരത്തെത്തി
വേപിതശരീരയായ്ശ്ലഥവേണിയായ് നിന്നു
ഭീമനാം പുമാനെപ്പാർത്തോതിനാൾ രോഷപൂർവ്വം
"ദൈവമേ!യിക്കശ്മലൻ മൂലമെൻ കുഞ്ഞുങ്ങളും
ജീവിതസർവ്വസ്വവും പാഴായ് ഞാനെന്തുവേണ്ടു?
ദുഷ്ടനാമിയാൾക്കൊരു ധർമ്മോപദേശം ചെയ്‌വാൻ
നാട്ടിലാരുമെയില്ലെൻ ദുർഭാഗ്യാധിക്യമത്രം!

കെട്ടിയമുതൽക്കൊരു സൌഖ്യമിങ്ങീയുള്ളോക്കു
കിട്ടിയില്ലീ യോഗം മററംഗനക്കുണ്ടാകൊല്ല."
എന്നോതിപ്രേയാനോടു മകൾതൻ മാല വാങ്ങാൻ
ചെന്ന സാധ്വിയെത്തള്ളിത്തള്ളിയിട്ടിതു കോന്തു
കാലനും വെടിഞ്ഞുള്ള കോലമാർന്നുള്ള താതൻ
കോലായിലിരിക്കുന്നു പൊട്ടിയ പാത്രംപോലെ
പെണ്ണുതൻപ്രരോദനം കേട്ടടൻ വയോവൃദ്ധൻ
കണ്ണിന്നു കാഴ്ചയറേറാൻ ദണ്ഡത്തിൻ സഹായത്താൽ
താന്തനായ് കൊക്കിക്കുരച്ചാത്മജന്നരികേ ചെ-
ന്നെ"ന്തിനാണേവം മോനെ! പാവമിപ്പെണ്ണുങ്ങളിൽ
സന്താപമണയ്ക്കുന്നു വീട്ടിലുള്ളവ വാരി-
ച്ചന്തയിൽ പോയോ മററാ വിററു നീയെടുത്താലും!"
താതനു മകനെത്ര വൃദ്ധനായാലും ശംി
ചേതസ്സിലുണ്ണിയെന്നേ തോന്നുവാൻ വഴിയുള്ളു
തൻതാതനേവം തപിച്ചോതിയ സാമവാക്യം
കോന്തുവിൽ തണ്ടാർദലത്തിങ്കലെസ്സലിലമായ്
ക്രുദ്ധനാം സിംഹത്തെക്കണ്ടേണമോടുന്നപോലെ
ചാത്തുവാം പുത്രനപ്പോളോടിത്തൻ തടി നോക്കി
മത്തനായ് ചൊന്നാൻ കോന്തുവുത്തരമിത്തരത്തിൽ
ചത്തപോൽ പത്തനത്തിൽ കുത്തിരിപ്പവനോടായ്
"മൂത്തുമൂത്തേററം കുരങ്ങായുള്ള കുശവ! നീ
സത്വരം പോക നല്ലു മദ്ധ്യസ്ഥനാകാം പിന്നെ
ഇക്ഷണമെൻെറ മുമ്പിൽനിന്നു പോകില്ലയെങ്കിൽ
ശിക്ഷകൾ കിട്ടും നൂനം പണ്ടത്തെക്കാളുമേറെ"

ഇത്തരമോതിച്ചേത്തോടപ്പണത്തിങ്കൽ നിന്നും
മദ്യകുംഭവും ഷാപ്പും ലാക്കാക്കി നടകൊണ്ടാൻ.

അങ്ങുചെന്നടുത്തീടും മുന്നെയാ മദ്യംവിൽക്കും
"പങ്ങു"തൻകുട്ടിയൊന്നു വെള്ളത്തിൽ വീണുചത്തു
ഷാപ്പടച്ചുടമസ്ഥൻ മണ്ടിനാൻ ദുരാഗ്രഹം
ദൂഷ്യമാണാക്കുമെന്നു കാണിപ്പാനെന്നപോലെ
കോന്തുവും വിഷണ്ണനായിഷ്ടനാം കുട്ടൻതന്നെ-
യന്തികെ കാണാതപ്പോൾ ജാരനെക്കുലടപോൽ
ശോകവൈവർണ്ണ്യംപൂണ്ടു തിരഞ്ഞു പുറപ്പെട്ടു
പോകവെ മാർഗ്ഗമദ്ധ്യത്തിങ്കൽ വെച്ചാരോ രണ്ടാൾ
ചോപ്പുവസ്ത്രത്താൽ തല ചുററിയും കരംതന്നിൽ
കൂപ്പുകൂടീടും കുറുദണ്ഡുമായ് തെല്ലു തെക്കായ്
പൊക്കമേറീടും ചാരുഹർമ്മ്യമുള്ളാ വളപ്പിൻ
മുക്കിൽനിന്നിറങ്ങിവന്നീടുന്നു നേരെതന്നെ
ആയതു ധനവൃദ്ധനായിടും ശംഭുചെട്ടി
മേവിടും വസതിയാണങ്ങുചെന്നവർക്കായി
സാരമാമുപദേശമേകുവാനപേക്ഷിച്ച-
മൂലമായീ മഹാന്മാർ ചെന്നുപോരികയത്രെ
കട്ടുതെന്നുകണ്ടാക്കോന്തുവും സഗൌരവം
ശിഷ്ടരോ"ടല്ലെ കല്ലാശാരിമാരെവിടേക്കാം?
വിട്ടുപോയ് വൃഴിക്കുന്നന്മാരെന്നു പറഞ്ഞില്ല
വിഡ്ഢിത്തംതന്നെനിങ്ങൾ ക്ഷോഭിച്ചീടേണ്ടതെല്ലും"
എന്നവനുരച്ചിട്ടും ക്രോധത്തെജ്ജയിച്ചുള്ള
ധന്യമാനസംതീരെച്ചലിച്ചില്ലഗംപോലെ

ക്ഷമയാൽ ക്ഷമപോലെ വിലസും യതീന്ദ്രൻ
ശമമാം ധനത്തെക്കാൾ മറെറാന്നു മഹത്തരം
സത്യധൎമ്മത്തെക്കാത്തു പരക്കായാത്മഗാത്രം
നിസ്തൎക്കമുപേക്ഷിക്കും നിൎമ്മലന്മാരായുള്ളോർ
വാരുണീതന്നെസ്സേവിച്ചേനസ്സിൻ കാതലായ
പാമരൎപ്പുരുമാളോടോതിനാൻ നിഗമജ്ഞർ
ജ്യോതിയുണ്ടനേകമെന്നുള്ളതിൽ ബോദ്ധ്യമുള്ള
ജാതികളല്ല ഞങ്ങൾ ജാതിയിൽ മൎത്ത്യർതന്നെ
മതവുമതുപോലെ ദൈവവുമൊന്നാണെന്നാ
യതിയാം നാരായണാചാൎയ്യസന്ദേശമാണോർ
നാട്ടിലുള്ളനാചാരബീജത്തെ നട്ടുണ്ടാക്കി
കഷ്ടത പരക്കെക്കി സ്വാതന്ത്ര്യസമത്വത്തെ
വെട്ടിക്കൊണ്ടുലകത്തിൽ ദുൎന്നയം വളൎത്തുന്ന
ദുഷ്ടമാനുഷപാപം തിരുമ്പിക്കെക്കനത്ത
നിഷ്ഠുരന്മാരാം ജാതിരാക്ഷസന്മാക്കെഴുന്ന
മുറാളത്തരമെല്ലാമോൎത്തുവാനാരാലാകും.
അധൎമ്മപരമാകും തൽകൃതകൎമ്മങ്ങളെൻ
ചെവിക്കു പ്രഥമമല്ലറിയുംമുമ്പേതന്നെ
ഭാരതരാമായണഭാഗവതാദിയായ
സാരമാമുപദേശഗ്രന്ഥതത്വങ്ങളൊന്നും
ആരണന്മാരായുള്ളോരല്ലാത്തോർ കേട്ടീടുകിൽ
കാരീയമുരുക്കിക്കൊണ്ടൊഴിക്കും ശ്രോത്രങ്ങളിൽ
നാമങ്ങൾ നല്ലതൊന്നും പാടില്ലെന്നുണ്ടു പണ്ടു്
രാമനു "ചോമ"നാവാം കൃഷ്ണനു "കിട്ടു"നാവാം

ശക്തിക്കു "ചക്കി"യെന്നും ശങ്കരൻ "ചങ്ങരൻ"താ-
നക്തിയും വാക്കൈപൊത്തി കുബ്ജനായിട്ടുവേണം
വീടിനു, കുപ്പാടെന്നും, കഞ്ഞിക്കു കരിക്കാടി,
അടിയ.നെന്നുവാക്കിൽ, യാത്രക്കു വിടയെന്നും
പണമൊ, ചെമ്പുകാച്ച,ലോത്തുവാൻ പണിയേവം
കാണണം നാരിമാരെയർദ്ധനഗ്നകളായും
ഇങ്ങിനെ ദുരാചാരം തിങ്ങിന കേരളത്തി-
ലെങ്ങിനെ ഭവുകത്തിന്നിരിപ്പാൻ സ്ഥാനമുണ്ടാം?
അങ്ങിനെയുള്ള മൂഢസമ്പ്രദായം
തിങ്ങിടും നാട്ടിലുള്ളോക്കെന്തൃതാത്തതുള്ളു?
ഇത്തരം ദുർബ്ബീജത്തെ വിതച്ച കേദാരമാം
കേരളം "ഭ്രാന്താലയ"മെന്നറിവേറുന്നോരും
പ്രസ്താവിച്ചതു നേരേയറിവായെനിക്കിപ്പോ-
ളിത്തരക്കാരെയേറെ കണ്ടുകിട്ടുകമൂലം"
സ്വാന്തത്തിന്നാഹിതമാം വാക്യമക്കുടിയനെ
ചോദിയും വാവുമൊത്തോരബ്ധിയെപ്പോലെയാക്കി.

ചൊല്ലിനാൻ "ദുർഭാഷിതം കൊണ്ടെന്നെ മെരട്ടുവാൻ
കല്യരായുള്ളവർക്കും ശക്യമായ്കണ്ടിട്ടില്ല.
വങ്കനല്ലിവനൊട്ടും നിങ്ങളൊ മർത്ത്യരെന്നു
ശങ്കയില്ലാതെതന്നെ കാഴ്ചയിൽ ബോദ്ധ്യംവന്നു
എങ്കിലിന്നതുപോട്ടെ ക്ഷുൽദാഹം വർദ്ധിച്ചുള്ള
സങ്കടമൊഴിക്കുവാൻ രണ്ടണ തന്നീടടൊ
കള്ളരക്കുടംനിത്യം സേവിച്ചീടാത്ത പുമാ-
നെള്ളോളം വിലയുണ്ടോ കൂപമണ്ഡൂകംതന്നെ

ഉള്ളിലംയത്തുചെന്നാലാനയും മാനായ് തോന്നാ-
മല്ലലുണ്ടാകയില്ലാ മല്ലയുദ്ധത്തിൽപോലും
മദ്യമാണുയർച്ചയുമുശിരും നൽകീടുന്ന
വസ്തുവിപ്പാരിൽ സർവ്വകർമ്മത്തിന്നാധാരവും
നിസ്തുലാനന്ദമേകും മദ്യംതാൻ ലോകാമൃതം
മദ്യമാംസത്തിൻഗുണമറിയാ കഴിക്കാത്തോർ
ആകയാലൊരുമിച്ചിക്കാണുന്ന ഷാപ്പിലേക്കു
പോക നാം പരബ്രഹ്മസേവനം സുഖാവഹം.”

“അങ്ങിനെയാവാം ദാഹം തീർത്തിടാം നമുക്കതെ-
ല്ലങ്ങോട്ടുമാറിനിൽക്കാം രണ്ടുവാക്കരുളട്ടെ”
കാശുകിട്ടേണമെന്നു പേശിയങ്ങിരുന്നുള്ളോ-
രാശവാച്ചവനോടാപ്പട്ടുവാം യതി ചൊന്നാൻ

“എന്തൊടൊ കുലീനൻ നീ വാഗ്ഭടൻ കോമളാംഗൻ
സന്താപമണക്കും നിൻ കൃത്യങ്ങളനൗചിത്യം
മദ്യമീമർത്ത്യൻതന്റെ സരളമാകുമുൾത്താ-
രെത്രയും ചീത്തയാക്കി ഭ്രാന്തനെപ്പോലെയാക്കും
മദ്യമാഭാസവാക്കാം ശരവർഷങ്ങളാലേ
ഉത്തമന്മാരെപ്പോലും തുളച്ചുപിളർന്നിടും
മദ്യകാരന്റെവസ്ത്രം വീടുതൊട്ടുള്ളതെല്ലാം
ഹൃദ്യമല്ലെന്നും നാറും; ദുർഗ്ഗന്ധം സുദുസ്സഹം.
മദ്യത്തെ കുടിക്കയും വിൽക്കയും സൂക്ഷിക്കയും
മർത്ത്യനുള്ളുയർച്ചയെക്കളയും ദുർവ്യാപാരം

മദ്യത്തിൻ സേവനത്താൽ സദ്യോ വന്നണഞ്ഞീടും
മൃത്യുവിന്നില്ലതൃപ്തിയെത്രയും ഭയാനകം
മദ്യത്തെസേവിച്ചുംകൊണ്ടസത്യരതന്മാരായ്
പുത്രമിത്രാർത്ഥകളത്രാദിയെദ്ധ്വംസിക്കുന്നു.
മദ്യാലയാദ്ധ്യാപകാദേശ്പാലകന്മാരാം
സ്വാർത്ഥതല്പരന്മാരാൽ ദത്തമാം മുദ്രപോലെ
ചെത്തുസാമഗ്രിയെല്ലാം ധരിച്ചിങ്ങുച്ചസ്ഥരാ-
യ്യുററിവിൽക്കുന്നു മൂഢർ മാനത്തെ മദ്യത്തോടെ
പങ്കത്തെ വളർത്തിടുമസ്ഥിതൻ ശകലത്തിൽ
വങ്കവുംനിറച്ചുടൻ കുമ്പവും തൊണ്ടും പേറി
കത്തിയും കത്തിക്കൂടുമരയിൽ കെട്ടിക്കാല-
ഭൃത്യരെപ്പോലെ ശീഘ്രം ചെന്നഹോ! ഘാതകത്വാൽ
കേരളമാതാവിൻെറ നാമമനർത്ഥമാക്കും
കല്പകപ്പൈതങ്ങൾതൻ കഴുത്തിൽ കത്തിവെച്ചു
ഭാർഗ്ഗവൻ ജനനിയെക്കൊന്നതിൽ പരമാണൊ
പാർക്കിലീവധമെന്നു ചിന്തിക്കുന്നുണ്ടാമിവർ
നിത്യനാം ദൈവം സർവ്വവ്യാപിയാണെന്നതത്വ-
മുൾത്താരിൽ കണ്ടയോഗിപ്രവരന്മാരെപ്പോലെ
മദ്യപിച്ചിവരെല്ലാം കാണാകും ചരാചര-
സത്വത്തോടഭിമുഖഭാഷണം ചെയ്യുന്നുവോ?
സദ്യോവന്നണഞ്ഞീടും ബോധഹീനത്വംമൂലം
മദ്യപാനികൾമണ്ണിൽ പതിക്കുന്നാങ്ങിങ്ങായി
അഥവാ-കേരങ്ങളെ വളർത്തും ഭൂദേവിയെ-
സ്സദയമാലിംഗനംചെയ്കയായീടാം പക്ഷേ

തന്നുടെ ദോഷം കാപ്പാൻ സംഗതിവരുത്താതെ
ഉന്നമിപ്പിച്ചു മദ്യം ദാരിദ്ര്യപ്പിശാചിനെ
എത്രയോ വില നൽകി വാങ്ങിക്കും മത്തേഭത്താൽ
കുത്തിക്കൊന്നിടും സാധു പാപ്പാന്മാരൊടുതുല്യം
അൎത്ഥത്തെക്കൊടുത്തുംകൊണ്ടനൎത്ഥം സമ്പാദിപ്പൂ
കൃത്രിമജീവിതത്തിൽ പൊറുക്കും മൂഢലോകം
ദൈന്യമേകീടും സുരാപാനത്താൽ വ്യാമോഹിച്ചോർ
ചന്ദ്രികാപ്രകാശത്തിൽ കുക്കുട സമാനരാം
സൽസംഗംകൊണ്ടു ഭക്തി മുക്തികൾ ഭവിച്ചീടും
ദുസ്സംഗംകൊണ്ടധൎമ്മപ്രാഭവം വളൎന്നീടും
ധൎമ്മാനുകൂലംസത്യതൽപ്പരന്മാരായ്മേവും
നിൎമ്മലന്മാൎക്കനന്താനന്ദമേകുന്നചിന്ത്യൻ
നിൎമ്മമൻ നിരഞ്ജനനാകുമസ്സൎവ്വേശ്വരൻ
ശൎമ്മദനുത്തമന്മാൎക്കഭീഷ്ടപ്രദനല്ലോ
എന്നിവയോരാതെ നീയജ്ഞാനതിമിരത്താൽ
മന്യുവിൻ വിധേയനായ് ജുഗുപ്സാവഹമാകും
എന്തെല്ലാം സാഹസങ്ങളിന്നു നിൻ വീട്ടിൽചെയ്തു
കാന്തയെത്തല്ലി സന്താനങ്ങളെ തന്തയേയും
പന്തിയല്ലാത്തമട്ടിൽ കാട്ടി! ആ കുട്ടിതൻെറ
ചന്തമുള്ളലങ്കാരം ബാക്കിയുള്ളതും ബലാൽ
ഹന്ത! നീ വലിച്ചെടുത്തന്തസ്സിൽ കുടിക്കുവാ-
നന്തരംഗത്തിലോൎത്തു; മൂഢൻ നീ മഹാപാപി!"

വന്ദ്യനാം മുനിയേവം നീതിവാക്യാമൃതത്താൽ
ധന്യത ചേൎക്കുമൂലമജ്ഞാനമൊഴിഞ്ഞവൻ,

സപ്തർഷിപ്രവരരാൽ വാല്മീകിയെന്നപോലെ
ഉത്തമോത്തമനായാൻ മാനസാന്തരമാന്നു.
ദക്ഷനാം മാമുനീന്ദ്രൻ ഭൂതകമ്മങ്ങളെല്ലാം
പ്രേക്ഷിച്ചപോലെ സവ്വം ചൊൽകവെ ബോധപൂവ്വം
ഉള്ളിലോത്തിതു കഷ്ടം, "കള്ളായ വെള്ളമേറാം
പള്ളയിലാക്കിബ് ഭള്ളെന്തൊക്കെ ഞാനുരച്ചാവോ
എന്നകതാരാം മാനദണ്ഡത്താൽ മുമ്പളന്ന
ധന്യനാമിദ്ദേഹത്തെയാരെന്നായോക്കമിപ്പോൾ"
സാത്വികഗുണഗണാംബുധിയാം മുനിയെങ്ങോ,
സത്യധമ്മാദി വെടിഞ്ഞീടിനോരിവനെങ്ങോ?
സംഭ്രാന്തിപൂണ്ടുകാക്കൽ സംപതിച്ചേവമോതി-
യമ്പൊടും തുമ്പംനീക്കി, "പാഹിമാം കൃപാനിധേ!
ഞാനറിയാതെചൊന്ന സവ്വാപരാധങ്ങളും
ജ്ഞാനിയാമങ്ങുപൊറുത്തഭയമരുളണം
ഈരേഴുലോകങ്ങളിലെല്ലാം കഴിയുമുദന്തങ്ങൾ
കാലാരിപ്രിയഭക്തനായിട്ടുമങ്ങയ്ക്കെല്ലാം
ചിത്തിക്കിൽ കരതലാമലകം പോലെയല്ലൊ
സന്തതം നിൻമാഹാത്മ്യം വാക്കുകൾക്കഗോചരം."
അന്നേരം മുനീശ്വരൻ ശങ്കരഭക്തൻതന്നോ-
ടന്നവും പാലിൻബാക്കി കോന്തുവിന്നായ്കൊടുപ്പാൻ
കല്പിച്ചപോലേകിനാൻ കോന്തുവും കുപ്പിവാങ്ങി-
യല്പമൊന്നകലത്തായ് നിന്നതുപാനംചെയ്താൻ
പിന്നെയക്കാഷായമാം വസ്ത്രവും ദാനം ചെയ്തു
തന്നുടെ ശിഷ്യനാക്കീട്ടുപദേശവുമേകി

കോന്തുവെന്നഭിധാനം മാററിയാ മുനിവരൻ
"ശാന്തചിത്താ"ഖ്യനാക്കിതൽ ഗുണോൽക്കഷത്തിനാൽ
സന്താപമകന്നന്തേവാസിയാം കോന്തുവപ്പോൾ
ച്ചന്താപസേന്ദ്രൻ തന്നോടാദരാലുരചെയ്തു
"തൃപ്പാദപത്മരേണുസഞ്ചയസംഗംകൊണ്ടും
സൽപ്പാവനാംഘ്രിദ്വയശിശ്രൂഷകൊണ്ടുമേററം
നിന്തിരുവടിയൊത്തിസ്സാധുവിൻ ജീവകാല-
മന്തരമന്ന്യെയെന്നും നയിപ്പാൻ കൃപവേണം"
ഇത്ഥമോതിയ തുഷ്ടനാകിയ ശിഷ്യനോട-
ങ്ങത്താപസേന്ദ്രൻ നയഭാഷണം വീണ്ടുമാന്നാൻ.
"അല്ലയോ ശിഷ്യോത്തമ! നിൻ താതാദികൾക്കെല്ലാം
ചൊല്ലുകാ,രാശ്രയം നിൻ വിരഹത്തീ കെടുപ്പാൻ?
നാടു വിട്ടുകലെപ്പോയ് സന്ന്യസിക്കുന്നവക്കും,
കാടുപുക്കാത്മജ്ഞാനിയാകാതെ വാഴുവോക്കും,
വീടുവിട്ടുകലെപ്പോയ് വാഴാത്ത നരക്കു, മുൾ-
ക്കാടു നീക്കണമാദ്യം മോക്ഷമെങ്കിലെ കിട്ടു.
പ്രകൃതീവൈഭവത്തിൻ മഹത്വം മതിയിങ്കൽ
സുകൃതിമണിമാക്കു ഭാഗ്യമുള്ളോരുവാനായ്
ആകയാൽ യോഗവാനാം നീ ചെന്നു കുടുംബത്തോ-
ടാകാംക്ഷോദ്ദേശമെല്ലാമുണത്തി സ്വാത്ഥമന്ന്യെ
തിരികെ വന്നു നോക്കൊത്തിബ്ഭവാംബുധിതന്നെ-
ത്തരണംചെയ്യുംമാറ്ഗ്ഗമാരാഞ്ഞാനവിളംബം
കാലത്തുതന്നെ പുറപ്പെട്ടീടാമെങ്കിലൊട്ടു-
മാലസ്യമില്ലയെന്നാൽ പോക നീയിപ്പോൾതന്നെ"

എന്നുരക്കവെ കോന്ത്തു ചൊല്ലിനാൻ സകൌതുകം
"വന്ദ്യതാപസമൌലെ! സന്ധ്യയൊട്ടടുക്കയാൽ
ഇന്നു തൊൽ സവിധത്തിലാദ്യ്യവാസ്സ്യസിപ്പാനു-
ള്ളെന്നുടെ മനോരഥം സാദ്ധ്യമാക്കേണം വിഭോ!
എങ്കിലും നാളെക്കാലത്തിങ്ങ് ഭക്തനൊത്തു ഞാനും
സങ്കടമെന്ന്യെ വീട്ടിൽ ചെന്നുടൻ കാര്യമെല്ലാം
ചാർത്തുവാം പുത്രന്നേകി സജ്ജനനിന്ദ്യമാകും
ചെത്തുനിർത്തിച്ചുമേലിൽ കൃഷിയും തൊഴിലാക്കി
മൃത്യുചേർത്തിടും വിഷതുല്യയായ് ദുർഗ്ഗന്ധിയായ്
ബുദ്ധിനാശകമാകും മദ്യദുർഗ്ഗുണത്തേയും
ചേറവകത്തിയാൽചെത്തി പാററിടുത്തിടും പാപ-
വൃത്തിയാം ദുരാചാരേതൽഭ്രതദോഷങ്ങളേയും
മററും ഞാനവക്കായിച്ചൊല്ലിയെൻ വീടു വിട്ടു
കൃത്യമായ് പത്തുമണിക്കെത്തീടാമഭ്യർണ്ണത്തിൽ"
"അങ്ങിനെതന്നെ,"യെന്നു യമിയും വിടകൊടു-
ത്തങ്ങടുത്തുള്ളൊ വഴിയമ്പലം തന്നിൽകേറി
അമ്പലം മുമ്പെയവർ കേറിയ കുബേരനാം
"ശംഭു"ച്ചെട്ടിയാർ തീർത്തതെന്നറിഞ്ഞാനന്ദിച്ചാർ
തൽക്ഷണം പോയിട്ടില്ല യോഗിമാരെന്നു കേട്ടു
ഭക്ഷണത്തിന്നുചെട്ടിയെത്തിച്ചാൻ വിഭവങ്ങൾ
ശിക്ഷയായ് രണ്ടുനേരത്തേയ്ക്കുവേണ്ടവ വാങ്ങി-
ദ്ദക്ഷരാം ഭൃത്യന്മാരെപ്പിരിച്ചു യോഗീശ്വരൻ
ഭൃത്യർപോയ് മറഞ്ഞപ്പോൾ സന്ധ്യാവന്ദനം ചെയ്തു,
നിദ്രയാമതിഥിയെപ്പൂജിപ്പാനെന്നപോലെ

വൃത്തിയായ് ചമച്ചുള്ള കറിയും ചോറുമുണ്ടു
തത്രൈവ ശയിച്ചിതു സംതൃപ്തചിത്തന്മാരായ്
ചെട്ടിയാർ ശിഷ്യപ്പെട്ട യോഗിവരൻ സാന്നിദ്ധ്യത്താൽ
ദുഷ്ടനാം കോന്തു "ശാന്തചിത്ത"നായ് തീർന്നുവെന്നായ്
പെട്ടെന്നു ലോകരെല്ലാമറിഞ്ഞു പുലർന്നാറെ
കുഷ്ഠരോഗാർത്തന്മാരും മറ്റും വന്നണഞ്ഞിതു
ശിഷ്ടരെസ്സേവിച്ചീടാനെങ്ങുമുണ്ടാകുമാരും
ദുഷ്ടരെദ്ദുഷ്ടവ്രണകല്പമായ് കണ്ടീടാനും
വാച്ചിടും ഗദാതങ്കമൊക്കെയുമല്പം ഭസ്മം
തേച്ചുടൻ മാച്ചീടുന്നു ബാധിക്കും ബാധയേയും
"പെങ്ങു"വാം ഷാപ്പുകാരനുദന്തമിതുകേട്ടു
അങ്ങുനിന്നുന്മാദത്താലാർത്തനാം പുത്രനൊത്ത്
തിങ്ങിടും മോദത്തോടും വന്നുടൻ ബോധിപ്പിച്ചാൻ

"സംഗതി രോഗത്തിന്റെ ജ്ഞേയമല്ലവർക്കെന്നും
എങ്കിലും താൽക്കാരുണ്യാലായുരാരോഗ്യം നല്കി
സങ്കടമൊഴിക്കേണം മറ്റില്ലൊരാലംബനം
വൈദ്യന്മാരെത്ര മന്ത്രവാദികളെത്ര കൃത്യം
ജല്പിക്കും ജ്യോത്സ്യരെത്ര വാങ്ങിയെൻ പണം വിഭോ!
ഗ്ഗുണമിങ്ങണുവോളം കിട്ടിയില്ലിപ്പോളല്പ-
മൃണവുമകപ്പെട്ടു തുലഞ്ഞു വല്ലാതെഞാൻ"
യമിയുമല്പം ചിന്തിച്ചോതിനാനൊരു കർമ്മം
ശമനമുണ്ടാക്കുവാൻ ചെയ്യണമതിന്നായി
പണവും വേണ്ട മറ്റുസാധനങ്ങളും വേണ്ട
ഗ്ഗുണമേകീടും മഹൽസന്ദേശം പരത്തുവാൻ

Sen Gupta Memorial Reading Room & Library, PUTHIYARA

മനസാ വരിച്ചുള്ള വരനും വധുവുമെ-
ന്നരികെത്തന്നെവേണം മററില്ലൊരൊഴിവിതിൽ
ഏകപുത്രനാം തവ "ചാരു"വെ സഭാര്യനായ്
ശോകരോഗങ്ങൾ തീർത്തു സ്വസ്ഥനായ് ചിരകാലം
വാഴിക്കാം മേലിൽബ് ഭവാൻ സൽക്കീർത്തിസൌഖ്യങ്ങ
ത്തുഴിയിൽ വസിച്ചീടുമില്ലസംശയമേതും [ളൊ-
സമസ്തലോകങ്ങളും സുഖത്തെക്കൊതിക്കുന്നു
സമസ്തഭൂതങ്ങളുമീശ്വരാംശങ്ങളല്ലൊ
സോദര്യസമത്വങ്ങൾ, സ്വാതന്ത്ര്യ മിവയെല്ലാം
ഭേദമെന്നിയെ പാലിച്ചീടുകവേണം നിങ്ങൾ
നിന്ദ്യമാം കർമ്മംകൊണ്ടാണിന്നലെത്തോളം താങ്ക-
ളന്യരെപ്പീഡിപ്പിച്ചു ധനത്തെ സമ്പാദിച്ചു
എന്നതിൻ ഫലം പലേ മട്ടിലും ഭുജിച്ചല്ലൊ
ഇന്നൊരു മകൻ ഭ്രാന്തനപരൻ വിധിഹതൻ
പിന്നെ നീയാക്കുവേണ്ടിയാർജ്ജിപ്പൂ സ്നുഷയാകും
കന്യകതന്നെജ്ജാതി ചൊല്ലിയുമപേക്ഷിച്ചു
കോന്നുതൻ കുടുംബത്തെ കഷ്ടത്തിലാക്കിപ്പാര-
തന്ത്ര്യത്തിന്നടിമയായ് തീർത്തില്ലെ തജ്ജീവിതം?
പൊന്നുമപ്പാത്രങ്ങളും പെട്ടകം പെട്ടിയെല്ലാ-
മൊന്നൊഴിയാതെ നിൻെറ കരസ്ഥമാക്കിത്തീർത്തു
പേയസ്സുവെച്ചുള്ളൊരു തണ്ഡുലം കൂടിവാരി-
ട്ടായവൻ തന്നിട്ടില്ലെ? കഷ്ടമെന്തിതിൽപരം!
അതിനാലിനിമേലിൽ ശോച്യമാം വൃത്തിയൊന്നും
മതിയിൽക്കൂടി ചിന്തിച്ചീടാതെ പരാർത്ഥമായ്

ജീവിതം നയിക്കുക ചാരുവിൻ ഭാൎയ്യയേയും
താവകാഭ്യുദയാൎത്ഥമാനയിച്ചീടുകിപ്പോൾ”
ധന്യനാമവനാ,മ്മാറോതിയ വാക്യം മൂല-
മന്നുവൈമനസ്യത്താലാതുരനായാനവൻ
പിന്നെയും ജാതിദ്വയാൎത്തിട്ടവളെയാനയിപ്പാൻ
സന്ദേഹം വൎദ്ധിച്ചവനുൾത്താരിൽ നിൎബ്ബന്ധത്താൽ
ഭാവഭേദത്തെക്കണ്ടെങ്ങുപരേംഗിതജ്ഞനായ്
ഭാവുകസ്വരൂപനാം മുനിയുമോതിയേവം
“മൌഢ്യചാപല്യവൃക്ഷം പറിച്ചിട്ടാലുമതിൻ
ഗാഢമാം നാരായവേരുണങ്ങാൻ പണിതന്നെ
ജാതിപാലകന്മാരാൽ നിന്ദ്യമായ് ഗണിച്ചുള്ള
ജാതിജനാകും ശാമുപ്പണിക്കപ്പുത്രിയെന്ന
ദോഷമാണിക്കന്യയെത്തള്ളുവാനുള്ളമൂലം
യോഷക്കില്ലല്ലാതൊരു ദൂഷണം സാദ്ധ്വിയവൾ
ജാതിയും പ്രകൃതിയും മതവുമൊന്നായുള്ള
സോദരന്മാരാമേകജനനീ തനയന്മാർ
ജാതിഹീനത്വമോതിക്കുനയക്രൌൎയ്യമാൎന്നു
ജാതവൈരരായ്ത്തന്നെ ജീവിതം പാഴാക്കുന്നു.
ജീവകാരുണ്യമുള്ള വേദനായകരെന്നു
ഭാവിച്ചുംകൊണ്ടധൎമ്മം ധാത്രിയിൽ പുലൎത്തുന്ന
പഞ്ചപാതകദോഷം വിധിച്ച വിപ്രരല്ലോ
പഞ്ചയെത്തിന്നും വേലിയായിന്നും വിലസുന്നു.
അമ്മയെക്കൊന്നാലും സൽഗ്ഗുരുവെ ശിക്ഷിച്ചാലു-
മിമ്മഹീദേവദാനാൽ സ്വൎഗ്ഗാനുഭൂതിപോലും!

എന്തിനുപേടിക്കുന്നിതെന്തൊന്നു ചെയ്യാൻ വയ്യി-
ന്നന്തണകൃതമാകും വേദശാസ്ത്രങ്ങൾമൂലം
ഋഗ്വേദമഥർവ്വണം ഭഗവൽ ഗീതതൊട്ട
വേദശാസ്ത്രാദികളിൽ സ്വാത്മതൽപ്പരന്മാരായ്
എക്കാലങ്ങളിലും തൻ ഭൃത്യരായീടാൻ ശൂദ്ര-
വ്യക്തിതൊട്ടവർക്കൊരൊ കൃത്രിമം വിധിച്ചിവർ
ഇത്തരം ദ്വിജർക്കെഴുമാ യഥാസ്ഥിതികത്വം
നിർത്തീടാറായില്ലന്നോ, നിധിയെ ഭൂതംപോലെ
കാത്തുവെയ്ക്കാതെ, കൌടില്യാശയാപത്യങ്ങളെ
തീർത്തിടും കാലംപോയെന്നോക്കുവിൻ ലോകരെല്ലാം.
പങ്കത്തിൽ നിന്നുണ്ടായിപ്പുഷ്പിക്കും ലതയെല്ലാം
പങ്കജമാകില്ലൊട്ടും പാർക്കിലിന്നതുപോലെ
ബ്രാഹ്മണി പെററോരെല്ലാം ബ്രാഹ്മണ്യം പ്രാപിപ്പീല
ബ്രഹ്മത്തെയറിയും ചണ്ഡാളനും ദ്വിജൻ തന്നെ
പാക്കനും വേദവ്യാസൻ വാല്മീകീമുതലായ
മുഖ്യതാപസവര്യർക്കെണ്ടുവാൻ കുലോന്നതി?
നിഷ്ഠുരമായ സാധുലോകപീഡനമാകും
ദുഷ്കർമ്മമാണോ ബ്രഹ്മജ്ഞാനിത്വമിദ്ധാത്രിയിൽ
ആകയാൽ ദുരാചാരം പോററിടും ശാസ്ത്രങ്ങളും
ശോകമേകീടും മനുഷ്യാധമസമ്പർക്കവും
ഉത്തമഗുണമാക്കും ചേർക്കില്ലെന്നോർത്തിഹത്തിൽ
വർത്തിപ്പിൻ ജാതിക്കോട്ട തകരാനടുത്തുപോയ്
പതിതരെന്ന ബോധം പതിതരാക്കും നമ്മെ-
പതിതരായിട്ടാരെ പടപ്പൂ? പരമേശൻ

ത്തീണ്ടലും ജാതിയെല്ലാം നിരർത്ഥം പ്രകൃതിയാ-
ലുണ്ടായതല്ലിതൊന്നും കുബുദ്ധിവിരചിതം
വർണ്ണമേകത്താൽ പല വർഗ്ഗത്തെ ചമയ്ക്കുന്നു
സ്വർണ്ണമൊന്നിനാൽ പല പണിയും പണിയുന്നു
ഉണ്ണിയായ് പിറക്കുമ്പോൾ ഭാവഭേദങ്ങളുണ്ടോ?
നിർണ്ണയിക്കുന്നു പിന്നെജ്ജാതിനാമം നരന്മാർ
ജാതിയാൽ ലോകക്ഷേമം മുടിഞ്ഞു മമതയും
ജാതിയാലൈകമത്യം മറഞ്ഞാനെങ്ങോ പോയി
ജാതിയാൽ സാഹോദര്യം കുറഞ്ഞു സമത്വവും
ജാതിയാൽ മാത്സര്യവും നിറഞ്ഞിതുലകിങ്കൽ
ആനയെക്കണ്ടോരന്ധന്മാരെപ്പോൽ മതംകൊണ്ടു-
മൈക്യത്തെക്കളഞ്ഞ സ്വാതന്ത്ര്യത്തെപ്പുലർത്തുന്നു
മീശയും പൂണുനൂലും കൊന്തയും കുടുമ്മയും
നീക്കിയാൽ രാമുണ്ണിയും ചാക്കുവും ചേക്കുമൊന്നാം
കന്നുകാലികളുണ്ടോ പൈക്കളെ പ്രസവിപ്പൂ
സൂകരം പെറ്റീടുമോ സാരമേയത്തിനേയും
കാക്കയിൽ ജനിക്കുമോ കഴുകനിവയെല്ലാം
നോക്കിലജ്ജാതിഭേദം മാത്രമല്ലാതെയെന്തോ?
ബ്രാഹ്മണി പെറ്റീടുന്നു ചണ്ഡാലസംഗത്തിനാൽ
ഈഴവത്തരുണിയിൽ ശൂദ്രനും സുതരുണ്ടാം
ക്രിസ്ത്യസംഭോഗത്തിനാൽ ജോനകസ്ത്രീ പെറുന്നു
മർത്ത്യർതൻ ജാതിയൊന്നാണെന്നിവ തെളിയിപ്പൂ
ഇത്തത്വമറിയാതിങ്ങജ്ഞരാം ജനമെല്ലാം
നിത്യവും മത്തന്മാരായ് ധർമ്മത്തെ വെടിയുന്നു.

സംശയനിവൃത്തിക്കും ശാമുതൻ ബോദ്ധ്യത്തിന്നും
നിശ്ചയമായും മമ ലേഖനം ഗുണപ്രദം"
എന്നുരച്ചല്പം ചിന്താമഗ്നനായ് കടലാസ്സി-
ലുന്നിയ കാൎയ്യമെല്ലാം കുറിച്ചാൻ സംക്ഷിപ്തമായ്
തൽക്ഷണം കാൎയ്യസ്ഥനാം 'വേലു'വും പത്രം വാങ്ങി
"ലക്ഷ്മി"തന്നാലയത്തെ വീക്ഷിപ്പാൻ നടന്നവർ
കന്നരക്കാതംവഴി മാത്രമുള്ളവിടത്തിൽ
ചെന്നന്നത്തിതു മോദാൽ ഭവ്യസൂചകരപ്പോൾ
അക്കനീ മംഗളത്തിൽ ഭാഗഭാക്കാകുവാനൊ
ചിക്കെന്നു ജോലിവിട്ടു കുളിപ്പാൻ മുതിൎന്നു?
നാഥനാം രവിപോയോരാധിയാൽ പത്മമെല്ലാം
ഖേദത്താലാനനപ്പൂ കൂമ്പിച്ചപോലെ; സതീ
കാന്തനാം ചാരുതന്നെ ചിത്തത്തിലഹൎന്നിശം
ചിന്തിച്ചാൾ സാവിത്രിയെപ്പോലെഴും സച്ചരിത്രാ
തരുണിമാർ മൌലികളിൽ മാണിക്യമായി മിന്നും
കന്യയെപ്പലർ വേൾപ്പാനാലോചിക്കാതെയില്ല
ഒന്നിലുമവൾ വഴിപ്പെട്ടില്ലെന്നല്ല തന്റെ
മാന്യനായകസൌഖ്യമൎത്ഥിക്കുമീശനോടായ്
ഗൂഢമാം പാതിവ്രത്യം പരിചിൽ പാലിച്ചീടും
തരുണീമണിതന്റെ പരമാനന്ദമെങ്ങോ?
പരനെച്ചിന്തിക്കാതെ പരസംഗത്തെ മാത്രം
പരമായോൎക്കും വേശ്യാമണിതൻ സ്ഥിതിയെങ്ങോ?
ഒരു കോൽകൊണ്ടു നീററിൽ വരയും വരയുണ്ടോ
ശിലയിൽകൊത്തും ലിപിപോലെന്നും വിലസുന്നു!

ഇങ്ങിനെയുള്ള ഗുണം തിങ്ങിടും ശ്രീലക്ഷ്മിയാ-
ളംഗനാകുലത്തിന്നു മാതൃകയല്ലെന്നുണ്ടോ!
കയറിച്ചെന്നവർക്കാസനമവസ്ഥപോൽ
നയകോവിദനാകും "ശാമുവും" ജിതശ്രമം
നൽകിനാൻ വെള്ളം, പിന്നെ കാൽകരം കഴുകിക്കൊ-
ണ്ടാതിഥ്യം സ്വീകരിച്ചു താംബൂലസമന്വിതം,
യതിതാൻ കൊടുത്തുള്ള കുറിമാനവും കണ്ടു
മുദിതനായാനവൻ മുഹൂർത്തഗുണമോർത്തും
ശാമുവും കാര്യമെല്ലാം ഗ്രഹിച്ചു ഭാര്യയോടും
വാമലോചനയായ പുത്രിയെ പ്രേമാകുലാൽ
ഭൂഷിതഗാത്രയാക്കി മാതുലന്മാരുമൊന്നി-
ച്ചീഷലെന്നിയെ വേണ്ടും സ്ത്രീധനത്തോടുംകൂടി
ശുദ്ധരാഗോത്ഥമാമീ മിശ്രമാമുദ്വാഹത്താൽ
ധാത്രിയിൽ ശുഭംവാസ്സും മുഃത്താർത്ത് നടകൊണ്ടാൻ
ദീപവും, ഭൃത്യന്മാരും, പെട്ടിയും, മറ്റുംപല
ശോഭനമേകീടുന്ന സന്നാഹത്തോടുംകൂടി;
ചെന്നണഞ്ഞെല്ലാവരും, മുനിയും മുറപോലെ
കന്യയാമവൾക്കേകി വൈവാഹപുഷ്പമാല്യം.
മംഗല്യമാലയൊത്തു തന്നെയും സമർപ്പിച്ചി-
തംഗനാരത്നം മനോവർത്തിയാം ഭർത്താവിങ്കൽ
താപസപ്രവരനുമോതിനാനവരോടീ-
"ശോഭനപരിണയമേവർക്കും പാഠം പാരിൽ
ആകയാൽ ഗാർഹസ്ഥ്യമാം ധർമ്മത്തെ പാലിച്ചെന്നും
ശോകമെന്നിയെ നിങ്ങൾ വാഴണം സുപുത്രരായ്"

സ്നേഹത്താൽ പ്രസന്നമാം സാധുസംഭാഷണത്താൽ
മോഹത്തെപ്പൂണ്ടു വാണനച്ചാരുരൂപനാം 'ചാരു'
രൂപത്തിൽ പൂർണ്ണമേറും സാദൃശ്യമിയൊത്താശ്യമാകും
ശ്രീപത്തിൽ താണുകൂപ്പിജ്ജന്മസാഫല്യബുദ്ധ്യാ
ചൊല്ലിനാൻ "എന്റെജന്മം പുനരുദ്ധരിപ്പിച്ച
ദിവ്യനാമങ്ങൾക്കെന്തു നൽകുവാൻ ശക്തനിവൻ?
തന്നുടെ ജീവരക്ഷക്കിടയാം സഗരന്റെ
നന്ദനന്മാർക്കായൊന്നും ചെയ്യുവാനന്നാകാതെ
ഖിന്നനാം മൈനാകവും തദ്ബാംശോൽഭൂതരെത്ത-
ന്നെന്നോതാനാതിത്ഥ്യം ചെയ്താദരാൽ കൃതാർത്ഥനായ്
പ്രത്യുപകാരമേവം ചെയ്യാത്തോർ ജീവിക്കിലും
ചത്തപോൽ കരുതേണമെന്നുരയ്ക്കുന്നു ശാസ്ത്രം
സൂര്യൻതൻ കരമൊട്ടും കാണാതെ തരുച്ചോട്ടിൽ
കാരച്ചു വള്ളിന്നുള്ള കല്പകത്തെ കണക്കെ
മൂഢനായ് മൂകനായീയജ്ഞനിൽ പ്രജ്ഞാഗുണം
ഗാഢമായ് ചേർത്താരങ്ങേക്കതിനാൽ നമസ്കാരം!
അന്യൂനനാകുമീശാനുഗ്രഹം കൊണ്ടനന്ത-
സൌഖ്യവും ദീർഘായുസ്സുമനിശം ഭവിക്കട്ടെ
ജീവിതമത്സരത്തിൽ കിടന്നു കഷ്ണിക്കും
പാവങ്ങളായ നിരാലംബികൾക്കെല്ലാമോർത്താൽ
നിന്തിരുവടിയുടെ ശാന്തജീവിതമൊരു
മാതൃകയായിത്തന്നെ ലാലസിക്കട്ടെ! നീണാൾ
മനുജസമാജത്തിനാകവെയമൂല്യമാം
നിധിയായങ്ങുന്നെന്നും തീരുമാറായിടട്ടെ!

തൽക്കീർത്തിയാകും ജയപതാക പറക്കട്ടെ!
യിക്കാണും ലോകങ്ങളിലമരപുരത്തിലും!!
ത്തുമധുവോലും ചാരുവാക്യങ്ങൾ മധുരമാ-
യാമയമൊഴിഞ്ഞവൻ സസ്പൃഹമുരച്ചവെ
ധന്യനമനുഗ്രഹിച്ചല്ലൽ രീത്തല്ലിൽതന്നെ
പോയിതാക്ഷേത്രം നോക്കി ശാന്തനാം കോന്തുവോടും
എത്തിനാൻ നിത്യകർമ്മം കഴിച്ചു മൃഷ്ടാന്നമാ-
ന്നർദ്ധരാത്രിക്കുമുന്നം മൂവരുമുറങ്ങിനാർ
“ക്ഷോണിയിൽ ധർമ്മം സ്ഥാപിച്ചധർമ്മമറുത്തുടൻ
പ്രാണിപീഡനമില്ലാതാക്കിയീസ്സാധുക്കളെ
ത്രാണനം ചെയ്വാൻവന്ന മാമുനേ! ഉണരുകെ”-
ന്നാണെന്നോ കേൾക്കുന്നപ്പോൾ വിഹഗനാദഛലാൽ?
ബ്രാഹ്മമാം മുഹൂർത്തത്തിലുണർന്നു മുനിവരൻ
നിത്യകർമ്മാനന്തരം സ്വസ്ഥനായിരിക്കവെ
പഞ്ചുവാം ഭക്തൻവന്നു കോന്തുതൻ സ്വർണ്ണപ്പണ്ടം
മംഗലമനസ്കനായേകിനാൻ ശോകമന്യെ
ഉടനാ മുനിവരൻ ശങ്കരഭക്തനൊത്ത്
പടുവാം കോന്തുതന്നോടാലയത്തിങ്കലോളം
അടനംചെയ്തു താതാനുഗ്രഹം വാങ്ങി മോദാൽ
ഝടുതി വരണമെന്നാജ്ഞയെച്ചെയ്തുപാരം
തൽക്ഷണം പുറപ്പെട്ടാ ഭിക്ഷുവിൻ ശിഷ്യന്മാരും
കാൽക്ഷണംകൊണ്ടുചെന്നാൻ കോന്തുവിൻ സദനത്തി (ൽ
രക്ഷരക്ഷേതിപറഞ്ഞുത്തപ്പുണ്ടുതച്ചാ-
രക്കരെതലംകൊണ്ടാത്തുഴൽ തഴുകിനാൻ

"മേദ്ധ്യപിച്ചിങ്ങു വന്നു താന്തോന്നിവേഷംകെട്ടി-
ധൂൎത്തനായ് രീന്ന കോന്തു തൂപ്പടം പണിയുമന്നേൻ
നിൎദ്ദയമാകും വാക്യവഷത്താൽ കുടുംബത്തെ
നിത്ത്യവും മൎദ്ദിച്ചുള്ള ദുഷ്ടനാം പുത്രനിവൻ
കാന്തയാം കാളിയേയും കട്ടികളേയും തല്ലി-
യന്തരംവരുത്തുന്ന മൂഢനുമിവൻതന്നെ
ദുസ്സംഗംകൊണ്ടു ദുഷ്ടനായുള്ളോരിവനിപ്പോഠം
സൽസ്സംഗംകൊണ്ടു ശിഷ്ടനായിതാ പൂൎവ്വപുണ്യാൽ"
അച്ഛനും കനിഞ്ഞുടൻ കൊച്ചുതൻ തലയിൽകൈ
വെച്ചുടനനുഗ്രഹിച്ചാശീൎവ്വാദവുമേകി
പിന്നെത്തൻ തനുജയാം "രത്ന"ത്തെ കെട്ടിപ്പിടി-
ച്ചന്ന്യോന്ന്യം കണ്ണുനീരാൽ സ്വാഗതം പറഞ്ഞിതു
ചാത്തുവും സാനുജനായ് കാക്കൽവീണാക്രന്ദിച്ചാൻ
നിസ്സ്രപംഗതഭയാലാൎയ്യയാം ഭാൎയ്യതാനും
കോന്തുവും പണ്ടമെല്ലാമെടുത്തു പുത്രിക്കുംതൻ-
മന്ദിഗാമിനിയായ ജായയ്ക്കും കൊടുത്തുടൻ
ശാന്തമാം ചിത്തത്തോടും ഭാവികാൎയ്യങ്ങളെല്ലാം
അന്തരംഗത്തിലോൎത്തപോലവരോടുചൊല്ലി
"ചെത്തുക, ചെത്തിക്കുക, എന്നിവയൊഴിച്ചുടൻ
ഏറവുവാങ്ങുക, സ്വന്തം കൃഷിക്കായ് നിലമെല്ലാം.
അല്ലാഴ്കിലതുവംശം കെടുത്തിയുയച്ചക്ക
വല്ലാത്തഭംഗമേകും ലാളിക്കും സുതനെപ്പോൽ
നീതിയും സത്യം ദൈവവിശ്വാസമിവയാലേ
ഖ്യാതിമാന്മാരായ് നിങ്ങഠം ജീവിതം നയിക്കണം

പുത്രമിത്രാൎത്ഥകളത്രാദി സംബന്ധമെല്ലാ-
മെത്രയും സ്വപ്നതുല്യമെന്നറിഞ്ഞഖിലവും
ബുദ്ധികൊണ്ടുപേക്ഷിച്ചു പരക്കായ് ജീവിച്ചീടും
സിദ്ധനോടൊത്തുമിപ്പുൻ ബാക്കിയാം ഭാവികാലം
ശുദ്ധമാക്കേണമെന്നുള്ളാശയാലാശതോറും
ച്ചാറിത്താൻ തിരിയുവാൻ തീൎച്ചയാക്കിയൊരെന്നിൽ
സ്വസ്തി വരുക ഭദ്രേ! നിന്നപത്യങ്ങളൊത്ത്
വൎത്തിക്കം നിങ്ങൾക്കെന്നും കുശലം ദൈവയോഗാൽ
അല്പവും കൊപ്പുങ്ങൾക്കും പത്ഥ്യമാമാഹാരങ്ങ-
ളില്പാൎക്കുലം ചാരുശീലെ! നീ മുടങ്ങാതെ
അല്പമാനസഭക്ത്യാ നിത്യവും നൽകി മോദാൽ
സല്പദം ചരിക്കണം സന്മാൎഗ്ഗസഞ്ചാരിണി!
രത്നമേ! പൊന്നോമനെ! ശങ്കരക്കുട്ടിയുണ്ണീ!
പരനിയാം ശുചിവ്രതേ! ചാത്തുവാം പുത്രമുത്തേ!
രത്നംപോലെന്നെപ്പാലിച്ചന്തരിച്ചംബേ! താത!
സസ്നേഹം വചിക്കുന്നന്ത്യമാം യാത്ര കോന്തു
സ്നേഹവൎത്തിതമാകം വൎത്തിതൻ പ്രകാശംപോൽ
മോഹബന്ധിതമാകം സ്നേഹംതാൻ വിലസുന്നു
സ്നേഹസംസ്ഥിതമാകം ഗേഹപുത്രാദിഭ്രമം
ദേഹൈകവിയോഗത്തിൽ നാറിരട്ടിപ്പു കഷ്ടം?
കാളിടും രവിതന്റെ രശ്മിയാൽ തളൎന്നുള്ള
താളിനു സമമായ വദനപത്മം പൂണ്ട
കാളിയും പുത്രന്മാരും താതനും ഖേദപൂൎവ്വം
കേണപേക്ഷിച്ചാൻമേലിൽ കാണുവാൻ യോഗമേകം

പുത്രനെക്കണ്ടീടുവാൻ ഭാഗ്യമില്ലാത്തകണ്ണോ-
ടൊത്തുനീശോചിക്കേണ്ടെന്നോതിടും പോലെ വൃദ്ധൻ
ഹസ്തയുഗ്മത്താലേ ചെന്നാർത്തനായ് പുത്രൻ തന്റെ
ഗാത്രത്തെ കെട്ടിപ്പിടിച്ചൊന്നു ചുംബിച്ചു മൂർദ്ധ്നി
"പൊന്നുണ്ണീ! നിന്നെത്തൊട്ടും ദുഃഖത്തെയൊഴിക്കുവാ-
നിന്നെനിക്കുള്ള യോഗമിന്നുതാനസ്തമിപ്പൂ—
തീന്നപോലിരിക്കുമീ മൽക്കാലം കഴിവോളം
നിന്നെ ഞാൻ ദശരഥൻ രാമന്റെ വിരഹംപോൽ
ചിന്തിച്ചു ദിവം പൂകാനുള്ള കല്പനക്കെന്തു-
ള്ളന്തരം ഭവിക്കുന്നതലംഘ്യം വിധിമതം."
കോന്തുവും ചൊന്നാനപ്പോളച്ഛനോടത്യാദരാൽ
"ചിന്തയാം ഹുതാശനൻ ദേഹമാമിന്ധനത്തെ-
വെന്തെരിച്ചിടും ദൃഷ്ടനാകയാൽ താതനൊട്ടു-
മന്തരംകൊടുക്കൊല്ലാ വിരമിക്കതിൽനിന്ന്
ചാരത്തു വസിച്ചീടും പുത്രന്മാർ വിദേശത്താം
ദൂരത്തു നിവസിപ്പോർ തൽക്ഷണം ചാരത്തുമാം
തേടിയവള്ളി കാലിൽപ്പുററിയപോലെ വന്നു
കൂടിടും ചിലനേരം യോഗമാണവപാരം
കൊതിച്ചീടുന്നതൊന്നും ലഭിക്കാ, വിരിഞ്ചനാൽ
വിധിച്ചമട്ടിലത്രെ ഭവിപ്പൂ സമസ്തവും
മദിച്ചു മനുജന്മാർ നിലയും വിലയും വി-
സ്മരിച്ചു വിലസുന്നു വിസ്മയം നരജന്മം!
ക്രുദ്ധനന്തകൻതൊട്ടു തൊട്ടില്ലെന്നിരിക്കുന്ന
വൃദ്ധനും മദ്ധ്യസ്ത്രീതൻ കാന്തതാം കാമിച്ചീടാം

മൃത്യുതൻ വക്ത്രത്തിങ്കൽ നിത്യവും സ്ഥിതിചെയ്യും
മർത്ത്യർക്കുള്ളത്യാഗ്രഹം ക്ഷണഭംഗുരമല്ലോ
ബാലരും, വൃദ്ധന്മാരും, തരുണന്മാരു,മെല്ലാം
കാലനാം ഖലന്നേതും ഭേദമില്ലല്ലോ പാർത്താൽ
നിത്യവും കുലാലനാലുണ്ടാക്കി നശിച്ചുപോം
മൃന്മയഘടസമം മാനുഷകളേബരം
വണ്ടിതൻ ചക്രംപോലെ തിരിയും സംസാരത്താ-
ലുണ്ടാകും ദുഃഖം ലോകം മറക്കുന്നഹംഭാവാൽ
വാപിയിൽ പുഷ്പം കണ്ടു മോഹിച്ചു ദേഹം മറ-
ന്നാപതിച്ചീടും ബാലലീലയുമിപ്രകാരം
എത്രയോ ജന്മം പശു പക്ഷിസഞ്ചയങ്ങളാ-
യെത്രയോ ജന്മം കൃമികീടാദി തരുക്കളായ്
എത്രയോ യോനിതന്നിൽ ജനിച്ചു ഗർഭസ്ഥരാ-
യത്രമാനവജന്മം സിദ്ധിപ്പൂ കഷ്ടം! കഷ്ടം!
ധനിയായ്, ദരിദ്രനായ്, സ്വസ്ഥനായ്, രോഗഭാക്കായ്
ശിശുതാരുണ്യവൃദ്ധബീജകേദാരമായി
വാർധിയിൽ തിരപോലെ ജനിച്ചും നശിച്ചുമീ
മർത്ത്യരിങ്ങലയുന്നു സംസാരചക്രാബ്ധിയിൽ
ഇക്കാണും മൃഗപക്ഷി തരുക്കൾ പുഴുക്കളും
മക്കളായ് മാതാക്കളായ് മിത്രമായ് തീർന്നിരിക്കാം
ഉൾക്കരുത്തേറും ധീരാത്മാക്കളിപ്രപഞ്ചത്തെ-
ദ്ധിക്കരിച്ചാർജ്ജിക്കുന്നിതൈന്ദ്രമാം പദമാദ്യം.
ഇത്തത്വമോരാതങ്ങുന്നെന്തിനിച്ചിന്തക്കേറം
ചിത്തത്തിൽ സ്ഥാനം നൽകാനുദ്യമിക്കുന്നു താത!

അത്തവ്വിലതിമോദാലപ്പനമരചെയ്ത
"ത്തത്വജ്ഞനെന്നറിഞ്ഞേൻ നിന്നെഞാൻ ഭക്തമുത്തേ!
ഉത്തരമൊന്നും നിന്നോടോതുവാനിനിയില്ല
സത്വരം ഗമിച്ചാലും, കുശലം ഭവിക്കട്ടെ!"
എന്നുരയ്ക്കുവെ ദൈന്യവാക്യകാഹളമാകും
മാരിയും കാററും വിട്ടാക്കുടിലാം കടലിങ്കൽ
നിന്നുസൽസുധാവാക്യാസ്വാദനംചെയ്ത ശ്രീമൽ-
ധന്യനാം ഭക്തനൊത്താക്കോന്തുവും വീടുവിട്ടാൻ
അമ്മയും കുടുംബവും ജന്മഭൂമിയുമെല്ലാം
വിണ്ണിനെക്കാളുംശ്രേഷ്ഠമെന്നാലും തൃണംപോലെ
ചിത്തത്തിൽഗ്ഗണിച്ചടനൈഷ്ഠികേശരയെ വിട്ടാ
ബുദ്ധനേതൊരുബന്ധം ദുർജ്ജയമായി വീണ്ടും?
തന്മായാവൈഭവത്താൽ കുറഞ്ഞാതിരുന്നില്ല
കോന്തുവുമചിന്ത്യംതാൻ സംസാരചക്രഭ്രമം
എങ്കിലും നടന്നു, തൻ മങ്കയാളെയും മററും
ശങ്കവിട്ടുപേക്ഷിച്ച ശാന്തനാം "ശാന്തചിത്തൻ"
തങ്കരാം തന്നിൽ തങ്ങും പങ്കങ്ങളെച്ചൊഴിച്ചാത്മ-
സങ്കടമൊഴിക്കുവാനങ്കുരിച്ചുള്ള മോഹാൽ
കുറച്ചുവഴിചെന്നാപ്പാടത്തിന്നററത്തായി
പരുത്ത റോട്ടിൽകൂടി പെട്ടന്നങ്ങടുക്കവെ
കറുത്ത മുണ്ടുചുററിട്ടരവാറിട്ടുപൂട്ടി-
ട്ടൊരുത്തൻ പലായനം ചെയ്യുന്നു ഭയാർത്തനായ്
"ഭ്രൈരിതാരെന്തു?കഷ്ടം! സിംഹത്തെക്കണ്ട മൃഗം
ഭീരുയോടിടുംപോലെ പായുന്നു നമ്മെക്കണ്ടോ!

കാൎയ്യമെന്തിതിലെന്നോൎത്തറിഞ്ഞു പേടിക്കേണ്ട-
ന്നാൎയ്യനാമവൻ വിനയാനതനായിച്ചൊന്നാൻ
കണ്ടാ! നീ വരികിപ്പോൾ ലജ്ജയാകുന്നു നിന്നെ-
കണ്ടപ്പോളിവനുള്ള ഹൃദയം തകരുന്നു.
പണ്ടു ഞാൻ ലഘുധത്താൽ ദുഷ്ടസമ്പൎക്കംമൂലം
കുറ്റിതമണച്ചല്ലോ സാധുവാം നിന്നിലേററം
തീണ്ടിയെന്നുള്ളമൂലം കഷ്ടമേ മൃഗീയമാം
മണ്ടത്തംചെയ്തു പശ്ചാത്തപിക്കും പാപിയിവൻ
പണ്ടത്തെ ദുരാചാരത്തോടനുകരിച്ചൊരെ-
ന്നിണ്ടൽ തീൎത്തപരാധമൊക്കെയും ക്ഷമിക്ക നീ!.
പ്രാണിയെ ദ്രോഹിച്ചീടും മാപാപഗുരുത്വത്തെ
ലേശവുമുൾക്കരുന്നിൽ ബോധമില്ലായ്കയാലെ
മൂഢർതൻ പ്രേരണക്കു വശനായുളവാറ-
നീചകൃത്യങ്ങൾചെയ്യേൻ കൈതവം കാതലാക്കി
മൎത്ത്യനു വിശേഷമാം ജ്ഞാനമീശ്വരനാലേ
ദത്തമായുള്ളമൂലം സത്താകുമദ്ധ്വാവൂടെ
നിസ്തൎക്കം ചരിച്ചുകൊണ്ടാനന്ദമണഞ്ഞീടാൻ
ചിത്തനൈൎമ്മല്യമേറുമുത്തമാശ്ലേഷം പോരും
കണ്ട വന്മരങ്ങളിലൊക്കവെ ചാടിക്കേറി-
ക്കൊണ്ടുടൻ കായും പൂവും ഭുജിക്കും കപിയെപ്പോൽ
സത്തിലുമസത്തിലും ശ്രദ്ധയാലെത്തിച്ചേരും
ചിത്തത്തെ സംസൎഗ്ഗമാം ശൃംഖലാബന്ധനത്താൽ
നിൎത്തിയഗ്ഗുരുവക്ത്രാൽഗ്ഗളിതസുധാകര-
മുദ്രയായ് സദ്വാക്യമാം ദീപത്തിൻ പ്രകാശത്താൽ,

വൎദ്ധിച്ച നിബിഡമാമജ്ഞാനതിമിരത്തെ
സത്വരം ത്യജിക്കേണം സത്തുക്കളല്ലാത്തുള്ളോർ
പുഷ്ടകൌതുകമേകും സജ്ജനസമ്പൎക്കങ്ങൾ
നഷ്ടമായ്തീൎക്കുംസൎവ്വഭാഗ്യവും ദുസ്സംഗങ്ങൾ
ദുഷ്ടനെഗ്ഗണിച്ചീടാം മൂർഖനാം വ്യാഘ്രത്തെപ്പോൽ
ശിഷ്ടരെഗ്ഗന്ധമേറും ചന്ദനദ്രുമംപോലെ
കുറഞ്ഞോരഗ്നിതന്നെക്കെട്ടുത്തുമനിലൻപോയ്
നിറഞ്ഞോരനലന്നു ബന്ധുവായ് തീരുമവൻ
അറിഞ്ഞുകൊൾവിനതു പോലെയാം കൎമ്മങ്ങളും
തിരഞ്ഞുപിടിക്കുന്നു മൎത്ത്യരെ സ്വെച്ഛപോലെ
അഞ്ചിതമാകും മൎത്ത്യദേഹങ്ങളോൎത്തുകണ്ടാൽ
സഞ്ചിതമല്ലോ പഞ്ചഭൂതത്താലവകളിൽ
സഞ്ചരിച്ചീടും രാഗദ്വേഷാദിദോഷങ്ങൾതാൻ
നെഞ്ചിലങ്കുരിപ്പിപ്പൂ കുത്സിതാചാരം നമ്മിൽ
തദ്ദോഷമെല്ലാം വെന്നോനാകുന്നു ജിതേന്ദ്രിയ-
നദ്ദേഹത്തിനു കാമം കാണുകില്ലണുപോലും
ദുഃഖഭാജനമാകുമൎത്ഥവും മുഗ്ദ്ധാംഗിയും
മൂർഖനാം പാമ്പിനെപ്പോൽ വൎജ്ജിപ്പൂ സജ്ജനങ്ങൾ
പണമെന്നുള്ളവാക്യം കേട്ടീടിലുടൻതന്നെ
പിണവും വായ്പൊളിക്കുമെന്നോതും ധനാൎത്ഥികൾ
പണത്തിൻ ദുൎമ്മോഹത്താൽ ദൈവത്തെപ്പഴിച്ചുദു-
ൎഗ്ഗുണത്തെ ക്ഷണിക്കുന്ന ദുഃഖഭാജനമൎത്ഥം
പുത്രയും മനോഹരമായിടും പുഷ്പമരു-
അിത്തിരിനേരംചെന്നാൽ മ്ലാനമായ് തീരുംപോലെ

മുഗ്ദ്ധയാം തരുണിയും യൌവനം നശിച്ചുടൻ
വൃദ്ധയായ് തീൎന്നൊടുക്കം മൃത്തായിക്കലാശിപ്പൂ
ഇത്തത്വമറിഞ്ഞജ്ഞാരാദ്ധ്യനാകാതെമേലിൽ
സാത്വികഗുണഗണാസക്തനായത്തലേകം
നിത്യമല്ലാത്തസംസാരാംബുധി തരികവാ-
നുദ്യമിഃക്കണം ഭവാൻ പരപാലനത്തിനും
ഒരുവൻതന്റെ ജന്മംകൊണ്ടേ, പരനു ഗുണം
വരണമല്ലെന്നാകിൽ മരണം തന്നെനല്ലൂ-
നിജമാമുദരത്തെപ്പൂരിപ്പാൻ മൃഗങ്ങളും
ദ്വിജജാതിയും പോരുമതിലെന്തുള്ളു കാൎയ്യം?
സാധുപാലനത്തിനും ദുഷ്ടതമൊടുക്കാനും
ധൎമ്മത്തെ വഴിപോലെ സ്ഥാപിപ്പാനായുമെന്നും
യുഗങ്ങൾതോറും വന്നു ജനിക്കുമെന്നു സാക്ഷാൽ
ജഗന്നായകൻ ചൊന്ന വഴിക്കു പിറന്നുള്ളോൻ
ദിവ്യനായനഘനായ് വാഴുമീ യോഗിതന്റെ
ഭവ്യമേകീടും പദസേവനം പുണ്യമല്ലോ
അവ്യയമാകും പരമാനന്ദത്തേക്കാൾ മീതെ
ഉൎവ്വിയിലെന്തു് കാചം, സ്വൎണ്ണത്തെ കവിയുമോ?
ദുരിതംചെയ്യും മൂഢാത്മാക്കൾ മൂഢൎക്കു പത്ഥ്യം
മരണം നീക്കും ഗുരു ശരണമിരുന്നാലും
നരനെക്കൊലചെയ്യും പാമ്പിനെപ്പൂജിച്ചീടും
നരനാ നാഗാന്തകൻ സ്മൎത്തവ്യനല്ലപോലും”
നീതിവാക്യാമൃതത്താൽ തൃപ്തനാം കണ്ടനപ്പോ-
ളോതിനാ“നെങ്ങുന്നൊന്നുമെനിക്കു തമ്പുരാൻ താൻ

സോദരനാകുമാത്തമിത്രവുമങ്ങുതന്നെ
ത്രാതാവായതും ഭ്രാതാവായതും ഭവാൻതന്നെ.
ഇങ്ങുമെങ്ങുമെ ദിവ്യസൌഖ്യങ്ങൾ ഭുജിക്കുവാൻ
ഗണ്യമാം പുണ്യമെന്നുമാർജ്ജിച്ചു രമിക്കുവാൻ
അങ്ങുമങ്ങക്കെഴും ശ്രീ സൽഗ്ഗുരു സ്വാമിയൊത്ത്
ഇന്നുമെന്നുമേ വാഴാനാശയുള്ളാശ്രിതൻ ഞാൻ"
അമ്പെഴും തദ്വാക്യത്തെ കേട്ടുകോന്തുവുമോതി,
"തമ്പുരാനെന്നഗീരിങ്ങബദ്ധമജ്ഞയോഗ്യം
അമ്പൊടും ലോകമെല്ലാം രചിച്ചു പാലിച്ചീടും
വമ്പെഴമീശൻനാമം മർത്ത്യകീടാർഹമാണോ?
സ്വാഭിമാനത്തിൻവില വെറുതെ വെടിഞ്ഞേക-
ജാതിയെത്തമ്പ്രാക്കന്മാരാക്കുന്നു പാമരന്മാർ
സൂക്ഷിപ്പാൻ പോരാതുള്ളോർ തന്നുടെ വിത്തമെല്ലാം
നാണമില്ലാത്തകൂട്ടർ വിഴുങ്ങും പോലെതന്നെ
മന്നിങ്കൽ പിറക്കുമ്പോളന്ധനാം വിരൂപനു
സുന്ദരനെന്നുപേരിട്ടേവരും വിളിക്കുംപോൽ
ഉത്തമരുയച്ചക്കാരെന്നഭിമാനിച്ചിങ്ങീ
മർത്ത്യരാൽ ചില മർത്ത്യർ തമ്പുരാന്മാരാകുന്നു.
തന്മൂലമിനിമേലിൽ നരനെ നരനെന്നായ്
നിന്മനതാരിലോർപ്പാൻ ഭാഗ്യമുണ്ടായീടട്ടെ
ദുർമ്മനസ്സുകളായോരവർണ്ണരെന്നും ചൊല്ലി
നമ്മെയീ റോട്ടിൽപോലും വിട്ടിടാത്തതു കണ്ടോ!
എലിയെ പൂച്ചകൊല്ലും പൂച്ചയെപ്പട്ടിതാനും
പട്ടിയെപ്പുലികൊല്ലും പുലിയെ വേടനേവം

ഉലകിൽ ബലമുള്ളോർ ദുർബ്ബലന്മാരെയെല്ലാം
ഖലപൌരുഷബുദ്ധ്യാ നിർദ്ദയം മർദ്ദിക്കുന്നു.
സ്വാതന്ത്ര്യം സ്വാഭിമാനമിവറ്റെ വിറ്റും സ്ഥേയ-
ബീജത്തിൻ കേദാരമായ് കലഹോത്സുകനായും
മദ്യപനായി വാഴും പരഹിംസകനോർത്താൽ
കിൽബിഷം നാടകത്തിൽ നാട്ടിടും നടനല്ലോ
മൃതിയെക്കാളും പാരതന്ത്ര്യത്തെബ് ഭയന്നീടും
വിദുഷാം സ്വാതന്ത്ര്യമാണമൃതം തർക്കമില്ല
അതുവിട്ടന്യന്മാരെസ്സേവിച്ചു ദിനം പോക്കും
നരനെ നരനെന്നായ് കരുതും മൂർഖലോകം
ഇങ്ങിനെ കാര്യസാരമുരച്ചു പരസ്പര-
മങ്ങുനിന്നവരെല്ലാം തിങ്ങിന മോദത്തോടും
സംഗതിയറിയാനായ് വീക്ഷിച്ചു വസിച്ചീടും
തുംഗസൽപ്പദപത്മാലോകനത്തിന്നുരച്ചു
വഞ്ചമനെന്നാകിലും കണ്ടവർ കണ്ടതെല്ലാം
വഞ്ചിക്കും കുലധർമ്മനിഷ്ടം വണ്ടേതന്നെ
നെഞ്ചിലാർദ്രതവിട്ടു പ്രാണിവർഗ്ഗത്തെയൊന്നും
വഞ്ചതാമണപ്പിക്കായുരക്കാ പൊളിവാക്കും"
ചൊല്ലിനാനപ്പോൾകണ്ട, "വണ്ടേ നിക്കൊരു മോഹം
കല്യരാം ഭവാന്മാരാൽ സ്വീകാര്യമെങ്കിൽ ചൊല്ലാം
മാടമുണ്ടടുക്കയൊണങ്ങു ചെന്നുടൻ വരാ-
മാടലാററീടും നല്ല രണ്ടിളന്നീരുമിട്ട്
കാര്യമായൊന്നുംചെയ്യാൻ സാദ്ധ്യമല്ലെന്നാകിലും
ആര്യമായ് ചിന്തിച്ചതിൽ തൃപ്തരായീടവേണം

ഭാൎയ്യയില്ലെനിക്കുള്ളനമ്മമാരോടു ചൊല്ലി
സ്വൈരമായ് വന്നീടുവൻ ദാഹശാന്ത്യൎത്ഥമിപ്പോൾ
പഴവും, പാലും, നല്ല പൃഥുകം, കൽക്കണ്ടവും,
തരുവാനവകാശപ്പെട്ട ഞാൻ ഭവാന്മാൎക്കായ്
നിറയും ഭക്ത്യാ നൽകുമെളിയോരാതിത്ഥ്യത്തെ-
ക്കനിയും മോദാൽ കൈക്കൊണ്ടീടുവാനുണ്ടപേക്ഷ"
സമ്മതിച്ചവരപ്പോളവനും വീട്ടിൽ ചെന്നു
നന്മയാമിക്കാൎയ്യങ്ങളഗ്രജാദികളോടായ്
കാരണപൂൎവ്വമോതീട്ടാശിസ്സും വാങ്ങിയിള-
ന്നീരിട്ടു കൊണ്ടുവന്നാൻ സാദരം പ്രീതിപൂൎവ്വം
ഇലയൊ, പൂവൊ, കായൊ, വെള്ളമോ ഭക്തന്മാരാ-
ലലിവോടേകിയെന്നാലമൃതായ് കല്പിച്ചുടൻ
നിയതം വാങ്ങുമെന്നബ്ഭഗവാനുരച്ചപോ-
ലവരും വാങ്ങിച്ചൊന്നിച്ചിരുന്നു വിശപ്പാററി
മൂവ്വരുമാത്മജ്ഞാനാനന്ദതുന്ദിലന്മാരാ-
യാവഴിക്കവിടന്നും നടന്നു മൈത്രീഭാവാൽ
ശ്രീവളൎന്നീടുംയോഗിപ്രവരൻതന്നെദ്ധ്യാനി-
ച്ചാ വയസ്യോത്തമന്മാർ ചെന്നുതൽക്കഴൽക്കൂപ്പി
യോഗിയും ചോദിച്ചപ്പോളീദ്ദേഹമാരെന്നെനി-
ക്കാശയുണ്ടറിഞ്ഞീടാനുരപ്പിൻ പരമാൎത്ഥം
കണ്ടനുമുരച്ചപ്പോൾ "കണ്ടനെന്നെനിക്കു പേർ
പണ്ടു ഞാൻ ചെയ്ത പുണ്യാൽ കണ്ടെത്തീ ഭവാന്മാരെ
തീണ്ടലുള്ളൊരുജാതിതന്നിലുത്ഭവിച്ചുള്ള
മണ്ടനാം നിരക്ഷരകുക്ഷി ഞാൻ ജ്ഞാനബന്ധോ!

കണ്ട വേലകളെല്ലാം മഴയും മഞ്ഞും വെയിലും-
കൊണ്ടുടനെടുക്കുന്നോരിരുക്കാലിജനമല്ലോ
നിൻപാദപത്മം ഭക്ത്യാ ഭജിക്കും ഭക്തന്മാർക്ക്
സങ്കടമൊഴിഞ്ഞെല്ലാം സാദ്ധ്യമെന്നറിഞ്ഞേൻ ഞാൻ
ദുഷ്ടസമ്പർക്കംമൂലം ജീവിതം പാഴായ്ത്തീരും
ശിഷ്ടസംഗത്താലുൽപ്രഗതിയും കരസ്ഥമാം
അങ്ങയെ കണ്ടനേരം കോന്തുവിന്നുണ്ടായുള്ള
മംഗളസിദ്ധിലേശം നിർമ്മലനാക്കിയെന്നെ
അംശുമാൻ തന്നെക്കണ്ടാലന്ധകാരങ്ങളുണ്ടോ
നിശ്ശേഷം നശിക്കാതെ വർത്തിപ്പൂ നിമിഷവും"
പരമാദരവോടുമവനോതിയ വാക്യം
കരുണാനിധിയാകും യോഗിയും കേട്ടുതുഷ്ട്യാ
വരണം ചെയ്തു ശിഷ്യസമ്പത്തായ്, പിന്നെ നാമ-
കരണം ചെയ്താൻ "സമദർശി"യെന്നവനെയും
വസ്ത്രവും മാററിച്ചുടനോതിനാൻ ശിഷ്യന്മാരോ-
ടസ്ഥലം വിട്ടീടേണ്ടും സന്ദർഭമാകമൂലം
വ്യർത്ഥമാക്കാതെനേരം, ജീവിതോദ്ദേശമെല്ലാ-
മർത്ഥവത്താക്കാൻനോക്കാം നമ്മുടെ കടമകൾ
മുന്നമീ ഭക്തനേകൻ ചൊല്ലിയപോലെ വെയിലും
മാരിയും മഞ്ഞും മററും സഹിച്ചു ജഗത്തിനായ്
മനതാരഴിഞ്ഞെന്നും സമയം നയിച്ചീടി-
ലതുതാൻ ഗുണോൽക്കൃഷ്ടം ജീവിതരഹസ്യവും

ചിന്മയജഗദീശകിങ്കരന്മാരായോരോ-
കർമ്മങ്ങളദ്ദേഹത്തിൻ കാരുണ്യലേശത്തിനാൽ
നമ്മളാൽ കഴിയുംമട്ടെടുത്തു കഴിക്കുന്നു
കർമ്മസാക്ഷിതൻ മായാവൈഭവമാരറിഞ്ഞു
ജീവിതസമരത്തിൽ സുഖദുഃഖങ്ങളല്ലോ
മേവുന്നു യോദ്ധാക്കളായ് മർത്ത്യനു ശത്രുക്കളായ്
ആയതിൽ പരാങ്മുഖനാകാത്ത സുധീരനി-
ങ്ങായവർ തന്നെനൽകും പരമാനന്ദകന്ദം"
ഗാത്രമാം ക്ഷേത്രം വിട്ടു കർമ്മാനുകൂലന്മാരാം
മർത്ത്യരാലന്ത്യഃദേഹം കൈക്കൊണ്ടീടുന്നപോലെ
ഉൾക്കൊള്ളും കുതുകത്താൽ പതിതോദ്ധാരണാർത്ഥ-
മക്ഷേത്രം വെടിഞ്ഞങ്ങോ മറഞ്ഞു മനുജാഢ്യർ

Presented by [illegible] Alleppey

# ഒരു മാനസാന്തരം.


ഗ്രന്ഥകർത്താ:

**ചോലയിൽ രാമൻ വൈദ്യർ,**

കലാവിലാസം, വലപ്പാട്.



ഒന്നാം പതിപ്പ് കോപ്പി 1000.

**1107.**



SenGupta Memorial
PUTHIYARA.
Readingroom & Library



ഗുരുവിലാസം പ്രസ്സ്, കൊക്കാലെ,

തൃശ്ശിവപേരൂർ.

വില 5 അണ.



പകർപ്പവകാശം ഗ്രന്ഥകർത്താവിന്ന്.